ഭൂമി പരന്നതാണെന്നു വിശ്വസിച്ചിരുന്ന കാലം. അന്ന് മനുഷ്യന് ദൂരെയാത്രയില്ല. അതിന്റെ ആവശ്യമോ സൗകര്യങ്ങളോ ഇല്ലാഞ്ഞതുതന്നെ കാരണം. അതുകൊണ്ട്, ഭൂമി പരന്നതാണെന്ന വിശ്വാസത്തിൽ അപാകതയൊന്നും കണ്ടില്ല. കുറേ ദൂരം പോയാൽ ഭൂമിയുടെ അറ്റത്തെത്താമെന്നാണ് മനുഷ്യൻ കരുതിയത്. സൂര്യൻ കിഴക്ക് ഉദിച്ച് പടിഞ്ഞാറ് അസ്തമിക്കുന്നു. പിന്നെയെങ്ങനെയാണ് ആരും കാണാതെ വീണ്ടും കിഴക്ക് പ്രവേശിച്ച് ഉദിക്കാൻ കഴിയുക? നിത്യജീവിതത്തിൽ അതൊരു പ്രശ്നമല്ലായിരുന്നതിനാൽ ആരും അതേപ്പറ്റി ചിന്തിക്കാതെ അനേകവർഷങ്ങൾ കടന്നുപോയി.

അരിസ്റ്റോട്ടിൽ എന്ന ഗ്രീക്ക് തത്ത്വചിന്തകൻ ക്രിസ്തുവിന് നാനൂറു വർഷം മുമ്പ് ജീവിച്ചിരുന്നു. ഭൂമിക്കു ചുറ്റും സൂര്യനും ചന്ദ്രനും മറ്റു നക്ഷത്രങ്ങളും കറങ്ങുകയാണെന്ന് അദ്ദേഹം പഠിപ്പിച്ചു. എല്ലാവർക്കും ഇഷ്ടപ്പെട്ട ആശയം. കാരണം, അവിടെ മനുഷ്യനാണല്ലോ പ്രമാണി. മറ്റു ചരാചരങ്ങൾ അവനെ സേവിക്കുന്നു. നമ്മുടെ കാഴ്ചയിലും അതാണല്ലോ സംഭവിക്കുന്നത്. ഭൂമി സൂര്യനു ചുറ്റും കറങ്ങുകയാണെന്ന സിദ്ധാന്തം പതിനഞ്ചാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന കോപ്പർനിക്കസ് ഉന്നയിച്ചു. പ്രപഞ്ചത്തെപ്പറ്റി കൂടുതൽ മനസ്സിലാക്കുന്തോറും ഭൂമിയുടെ സ്ഥാനം കുറഞ്ഞുവരുകയാണ്. നമ്മുടെ പരീക്ഷണങ്ങൾ തെളിയിക്കുന്ന വസ്തുതകൾ താഴെപ്പറയുന്നവയാണ്. ഭൂമി സ്വയംകറങ്ങുന്നു; സൂര്യനു ചുറ്റും കറങ്ങുന്നു. സൂര്യനെ വലംവയ്ക്കുന്നത് ഭൂമി മാത്രമല്ല. ഭൂമിയേക്കാൾ വലിപ്പം കൂടിയതും കുറഞ്ഞതുമായ പല ഗ്രഹങ്ങളുണ്ട്. ഒരേ ദിശയിലാണ് ഇവയുടെ പ്രദക്ഷിണം. അതേ ദിശയിൽ സൂര്യനും സ്വയംതിരിയുന്നു. ഭൂമിയെ ചുറ്റുന്ന ഉപഗ്രഹമാണ് ചന്ദ്രൻ. മറ്റു ഗ്രഹങ്ങൾക്കും ഉപഗ്രഹങ്ങളുണ്ട്. ഈ സൗരയൂഥത്തിന്റെ വലിപ്പം നമ്മുടെ ഭാവനയ്ക്കപ്പുറമാണ്. ഒരു ഉദാഹരണമെടുക്കാം. ഇവിടെ നിന്ന് സൂര്യനിലേക്കു പോകാൻ ഒരു തീവണ്ടിയുണ്ടെന്നു സങ്കൽപ്പിക്കുക. ഈ തീവണ്ടി തുടർച്ചയായി മണിക്കൂറിൽ 100 കി.മീ. വേഗത്തിൽ സഞ്ചരിച്ചാൽ ഏകദേശം ഇരുപതു മണിക്കൂർ കൊണ്ട് മുംബൈയിലെത്തും. എന്നാൽ സൂര്യനിലെത്താൻ 210 വർഷം വേണം!

പ്രപഞ്ചത്തെ സംബന്ധിച്ചിടത്തോളം സൂര്യൻ ഒരു ഇടത്തരം നക്ഷത്രം മാത്രമാണ്. കടൽത്തീരത്തെ മണൽത്തരികൾ എണ്ണിയെടുത്താൽ കിട്ടുന്ന തുകയേക്കാൾ അധികം വരും നക്ഷത്രങ്ങളുടെ എണ്ണം! പ്രപഞ്ചം അനന്തമാണ്; നക്ഷത്രങ്ങളും അനന്തം. സൂര്യനേക്കാൾ ആയിരം മടങ്ങ് വലിപ്പമുള്ള നീലനക്ഷത്രങ്ങളും അവയേക്കാൾ ആയിരം മടങ്ങ് വലിപ്പമുള്ള ചുവന്ന നക്ഷത്രങ്ങളുമുണ്ട്. ആകാശഗംഗ (Milky Way) എന്ന പേരിലറിയപ്പെടുന്ന നക്ഷത്രസമൂഹത്തിലെ ഒരംഗമാണ് സൂര്യൻ. ഇതുപോലെ മറ്റനേകം നക്ഷത്രസമൂഹങ്ങൾ പ്രപഞ്ചത്തിലുണ്ട്. അങ്ങനെ നോക്കുമ്പോൾ സൗരയൂഥം എത്ര നിസ്സാരം. സൗരയൂഥം മുഴുവൻ നശിച്ചാലും പ്രപഞ്ചത്തിനെന്താണു കുറവ്. പ്രപഞ്ചം അതറിഞ്ഞില്ലെന്നും വരും. കടൽത്തീരത്തെ ഒരു മണൽത്തരി നഷ്ടപ്പെട്ടാൽ നാം അതറിയുമോ?

നിലാവും കാർമേഘങ്ങളുമില്ലാത്ത രാത്രിയിൽ ആകാശത്തേക്കു നോക്കുമ്പോൾ മിന്നിത്തിളങ്ങുന്ന നക്ഷത്രങ്ങൾ എത്ര ദൂരെയാണെന്നറിയാൻ ഏറ്റവും കൂടുതൽ വേഗമുള്ള പ്രകാശത്തെത്തന്നെ നമുക്കാശ്രയിക്കാം. പ്രകാശത്തിന് ഏഴു പ്രാവശ്യം ഭൂമിയെ ചുറ്റാൻ ഒരു സെക്കൻഡു മതി; സൂര്യനിൽ നിന്ന് ഇവിടെയെത്താൻ എട്ടു മിനിട്ട് വേണം. പക്ഷേ മറ്റു നക്ഷത്രങ്ങളുടെ ദൂരവുമായി താരതമ്യപ്പെടുത്തുമ്പോൾ സൂര്യന്റെ ദൂരം നിസ്സാരമാണ്. സൂര്യൻ കഴിഞ്ഞാൽ ഏറ്റവുമടുത്ത നക്ഷത്രത്തിൽ നിന്ന് പ്രകാശം ഇവിടെയെത്താൻ നാലു വർഷത്തിലധികം വേണം. പ്രകാശം ഭൂമിയിലെത്താൻ കോടി വർഷങ്ങൾ വേണ്ടി വരുന്ന നക്ഷത്രങ്ങളെയും നാം കണ്ടെത്തിയിട്ടുണ്ട്. നക്ഷത്രങ്ങൾക്കു ചുറ്റും, സൂര്യനുള്ളതുപോലെ, ഗ്രഹങ്ങളുണ്ട്. അവിടെ ചിലപ്പോൾ മനുഷ്യരേക്കാൾ ഉൽകൃഷ്ടരോ നികൃഷ്ടരോ ആയ ജീവികൾ ഉണ്ടായിരിക്കാം. എങ്ങനെ അറിയാനാണ്? ഭാവിയിൽ ഒരു മാർഗം കണ്ടുപിടിക്കുമെന്നു പ്രത്യാശിക്കാം.



ഡോ. ജോർജ് എം. തോമസ്

ഇങ്ങനെ പ്രപഞ്ചത്തിന്റെ വലിപ്പവും ദൂരവും വച്ചു നോക്കുമ്പോൾ നമ്മുടെ സൗരയൂഥം എത്ര നിസ്സാരം, ഭൂമി അതിലും എത്രയോ നിസ്സാരം. ഈ പ്രപഞ്ചത്തെ നിലനിർത്തുന്നത് പരസ്പര ആകർഷണവും ചുറ്റിക്കറക്കവുമാണ്. നിരീക്ഷണങ്ങളും പരീക്ഷണങ്ങളും കൊണ്ട് മനുഷ്യൻ ഇത്രയൊക്കെ കണ്ടുപിടിച്ചതിൽ സന്തോഷിക്കാം, നമ്മുടെ പ്രാമാണ്യം ആകെത്തകർന്നുപോയെങ്കിലും. പക്ഷേ ഒരു കാര്യം. ***മനുഷ്യരെപ്പോലെയുള്ള ജീവികൾ ഈ പ്രപഞ്ചത്തിൽ വേറെയുണ്ടെന്നു കണ്ടുപിടിച്ചിട്ടില്ല. ഇത്ര ബ്രഹത്തായ പ്രപഞ്ചത്തിൽ മനുഷ്യർ വേറൊരിടത്തുമില്ലെന്നു വിശ്വസിക്കാനും പ്രയാസം. കാത്തിരുന്നു കാണാം.***

പ്രതികൂലസാഹചര്യങ്ങളിൽ നിരന്തരമായ പരീക്ഷണം കൊണ്ട് പുതിയ അറിവ് സമ്പാദിച്ച രണ്ടുപേരുടെ കാര്യം എടുത്തു പറയേണ്ടതുണ്ട്-ഗലീലിയൊയും ഐസക് ന്യൂട്ടനും. കോപ്പർനിക്കസിനുശേഷം അരനൂറ്റാണ്ടു കൂടി കഴിഞ്ഞാണ് പരീക്ഷണങ്ങളിലൂടെ പ്രപഞ്ചത്തെപ്പറ്റി പുതിയ സിദ്ധാന്തങ്ങളുമായി ഇറ്റാലിയൻ ശാസ്ത്രജ്ഞനായ ഗലീലിയോ രംഗത്തു വരുന്നത്. ഭാരം കൂടിയ വസ്തുക്കൾ ഭാരം കുറഞ്ഞവയേക്കാൾ വേഗത്തിൽ ഭൂമിയിൽ പതിക്കുമെന്ന വിശ്വാസം ഒറ്റനോട്ടത്തിൽ ശരിയാണെന്നു തോന്നും. രണ്ടും ഒരേ വേഗ

# സത്യം അസത്യത്തിന്റെ മാർഗം തേടുമ്പോൾ



ഡോ. ഡി. ബഞ്ചമിൻ
മലയാള വിഭാഗം അദ്ധ്യക്ഷൻ, കേരള യൂണിവേഴ്സിറ്റി

**ജോസഫ് കൂപ്പറിനോട് രാജ്യം വിടാൻ ഗവൺമെന്റു പറഞ്ഞത് നിയമനിഷേധത്തിനുള്ള ശിക്ഷയെന്ന നിലയ്ക്കാണ്. ഇത് സുവിശേഷത്തിന്റെ പേരിൽ വഹിക്കുന്ന രക്തസാക്ഷിത്വമല്ല.**

ഒരു കൺവൻഷൻ പ്രസംഗം കഴിഞ്ഞിങ്ങവേ ജോസഫ് കൂപ്പർ എന്ന അമേരിക്കൻ മിഷനറിയെ ആയുധധാരികളായ ആർ.എസ്.എസ്.കാർ മാരകമായി പരിക്കേൽപ്പിക്കുകയുണ്ടായി. വ്യക്തമായും അതൊരു വധശ്രമമായിരുന്നു. ദളിത് വിഭാഗത്തിൽപ്പെട്ട ചിലരാണ് ഈ വധശ്രമം നടത്തിയത്. കൂപ്പർ സുവിശേഷം പറഞ്ഞതും അവരോടു തന്നെ. സംഘപരിവാർ ഇത്തരം സംഭവങ്ങൾക്ക് നൽകുന്ന തന്ത്രപരമായ ഒരു വിശദീകരണമുണ്ട്. 'ദളിതരുടെയിടയിലെ സുവിശേഷപ്രചാരണം ഇഷ്ടപ്പെടാത്ത മറ്റൊരു വിഭാഗം ദളിതരാണ് അദ്ദേഹത്തെ ആക്രമിച്ചത്. ഇതിൽ ആർ.എസ്.എസിനു പങ്കില്ല.' ഉത്തരേന്ത്യയിൽ നടന്ന സമാനസംഭവങ്ങളുടെ കാര്യത്തിൽ സ്വീകരിച്ച അതേ നിലപാടു തന്നെ ഇവിടെയും സ്വീകരിച്ചിരിക്കുന്നു.

ദളിതരിൽ ഒരു വിഭാഗം ഇന്ന് ആർ.എസ്.എസുകാരുടെ കൈയിലെ ശക്തമായ ഒരു ഉപകരണമായിരിക്കുന്നു. ജാതിബാഹ്യർ എന്ന നിലയ്ക്ക് തീണ്ടലോടെ അകറ്റി നിറുത്തിയിരുന്ന അവരെ ഇന്ന് തങ്ങളുടെ വിദ്വേഷത്തിന്റെ സന്ദേശം പ്രചരിപ്പിക്കാനുള്ള ചാവേർപ്പടയാക്കി മാറ്റിയിരിക്കുന്നു, ഹൈന്ദവ സവർണമേധാവിത്വം. സുവിശേഷപ്രവർത്തനത്തിന്റെ സുതാര്യതയില്ലായ്മ, എന്നും വിമർശകരുടെ കൈയിലെ ആയുധമായിരുന്നു. ഇന്ത്യയിലെ പ്രാദേശിക സാഹിത്യങ്ങളിലെല്ലാം ദളിതർക്കിടയിൽ പ്രവർത്തിക്കുന്ന ക്രൈസ്തവമിഷനറിമാരെക്കുറിച്ചുള്ള പരാമർശമുണ്ട്. അവയിൽ വരച്ചുചേർത്തിട്ടുള്ള അവരുടെ ചിത്രം അറപ്പുളവാക്കുന്നതാണ്. ശിവരാമകാറന്തിന്റെ 'പൊമനതുടി'യും വത്സലയുടെ 'കൂമൻകൊല്ലി'യും പെട്ടെന്നു മനസ്സിൽ വരുന്ന ഉദാഹരണങ്ങളാണ്.

വധശ്രമത്തിൽ നിന്നു കഷ്ടിച്ചു രക്ഷ പെട്ട ജോസഫ് കൂപ്പറിനോട്, ഏഴു ദിവ സത്തിനുള്ളിൽ ഇന്ത്യ വിടാൻ കേര ത്തിലെ പൊലീസ് ആവശ്യപ്പെട്ടിരിക്കുന്നു ടൂറിസ്റ്റ് വിസയിൽ വന്നയാൾ മതപ്രച രണം നടത്തിയെന്നതാണു കാരണം ക്രിസ്ത്യാനി ഒന്നിന്റെ പേരിലും നിയമ ലംഘിക്കരുത്. ഒരു ബിഷപ്പും അന്തർ ശീയനിയമങ്ങൾക്കതീതനാകുന്നില്ല. ആർ എസ്.എസിന്റെ നേരേ ഉയർന്ന വിര അതേ വേഗതയിൽ തന്നെ കൂപ്പറിന്റെ നേരെയും ഉയർന്നത് ശ്രദ്ധിക്കുക. ഈ സംഭവത്തിലെ നിഷ്ഠരത പാടേ അവ ണിച്ചുകൊണ്ട് നിയമലംഘനം നടത്തുന്ന വിദേശീയർക്ക് ഈ സംഭവം ഒരു താക്ക തായിരിക്കുമെന്ന് കേന്ദ്രമന്ത്രി വിദ്യാസ ഗർ റാവുവിനെക്കൊണ്ടു പറയിച്ചതു മിഷനറിയുടെ സമീപനത്തിലെ 'നിർദ്ദേ ഷ'മെന്നു തോന്നാവുന്ന കാപട്യമാണ്.

തന്റെ വിശ്വസ്തസാക്ഷികളാകാനു ലോകാവസാനത്തോളം സുവിശേഷ പ്രസംഗിക്കാനും തന്റെ ശിഷ്യന്മാരെ ക്രിസ്തു ആഹ്വാനം ചെയ്തു. പക്ഷേ അതിനുവേണ്ടി സാമൂഹികമോ ദേശീയമോ ആയ നിയമങ്ങൾ ലംഘിക്കാമെന്നു പറ ഞ്ഞിട്ടില്ല. സീസറിനുള്ളത് സീസറിനു കൊടുക്കാൻ തന്നെയാണ് ഉപദേശിച്ചത് ***സത്യസുവിശേഷം അസത്യമാർഗത്തിൽ പ്രചരിപ്പിക്കുന്നതിൽ പ്രകടമായ അധാർമികതയുണ്ട്.***

---

ത്തിൽ ഒരേ സമയം നിലംപതിക്കുമെന്ന് ഗലീലിയൊ പറഞ്ഞു–വെറുതെയല്ല, പരീക്ഷണം നടത്തിക്കാണിച്ച്. ഇറ്റലിയിലെ പിസാ ഗോപുരം ചരിഞ്ഞാണ് നിൽക്കുന്നത്. ലോകത്തിലെ ഏഴ് അതിശയങ്ങളിൽ ഒന്നാണത്. അമ്പത് മീറ്ററോളം പൊക്കം. മുകൾവശം ചുവടിനേക്കാൾ നാലു മീറ്ററോളം തള്ളിയാണു നിൽക്കുന്നത്. ഈ ചരിഞ്ഞ ഗോപുരത്തിന്റെ മുകളിൽക്കയറി ഒരേ വലിപ്പമുള്ള രണ്ടു ഗോളങ്ങൾ, ഒന്നു ഭാരം കുറഞ്ഞതും മറ്റേത് വളരെ ഭാരമുള്ളതും, താഴേയ്ക്കിട്ടു. (ആകൃതി ഒരേ വലിപ്പമാക്കിയത് വായുതടസ്സം ഒരുപോലെയായിരിക്കാൻ വേണ്ടിയാണ്.) കാഴ്ചക്കാർ താഴെ നോക്കി നിന്നു, ഗോളങ്ങളുടെ വരവും കാത്ത്. രണ്ടും ഒരേ സമയം നിലംപതിച്ചത് എല്ലാവർക്കും അത്ഭുതമായി. ഇന്ന് ഇതേ പരീക്ഷണം തൂവലും നാണയവും ഉപയോഗിച്ച് വായു നീക്കിയ കുഴലിനകത്ത് ചെയ്യാറുണ്ട്. തൂവലും നാണയവും ഒന്നിച്ചു നിലംപതിക്കുന്നതു കാണാം. തൂവൽ പറത്താൻ വായു ഇല്ലല്ലൊ.

ഗലീലിയൊ പള്ളിവിളക്ക് ആടുന്നതു നോക്കി. ആട്ടത്തിന്റെ വിസ്തീർണത (amplitude) കുറഞ്ഞുവരുകയാണ്. എന്നിരുന്നാലും, ആട്ടത്തിനെടുക്കുന്ന സമയം ഒന്നുതന്നെയാണെന്നു തോന്നി. ഉടനെ പരീക്ഷണമായി. ഉപകരണങ്ങളൊന്നുമില്ല. നാഡി പിടിച്ച് സമയം നോക്കി. ആട്ടത്തിന്റെ സമയം ഒന്നു തന്നെ. വീട്ടിൽ വന്ന് ശരിയായ പരീക്ഷണം നടത്തി. നീളം മാറിയാൽ മാത്രമേ സമയം മാറൂ എന്നു കണ്ടു. കെട്ടിത്തൂക്കിയ കല്ലിന് എന്തു ഭാരമുണ്ടായിരുന്നാലും, വിസ്തീർണത വ്യത്യാസപ്പെട്ടാലും, സമയം മാറുന്നില്ല. കെട്ടിത്തൂക്കാനുപയോഗിച്ച ചരടിന്റെ നീളമനുസരിച്ചേ സമയം മാറുന്നുള്ളൂ. പരീക്ഷിച്ചുനോക്കാതെ മനസ്സിൽത്തോന്നിയത് പറഞ്ഞാൽ ശരിയാവില്ലല്ലൊ. അതു പോലെ, കാൽക്കുലസ് എന്ന ഗണിതശാസ്ത്രവിഭാഗത്തിൽ ഒരു പുതിയ രീതിയു പയോഗിച്ച് ന്യൂട്ടൻ ഗുരുത്വാകർഷണത്തിന്റെ ലക്ഷണവും വ്യാപ്തിയും കണ്ടു പിടിച്ചു. പ്രപഞ്ചത്തെ അതിന്റെ സ്ഥാനത്തു നിലനിർത്തുന്നത് ഭ്രമണവും ഗുരുത്വാകർഷണവും തമ്മിലുള്ള സന്തുലിതാവസ്ഥയാണ്.

(തുടരും)

## ARE YOU RICH SPIRITUALLY?

One day a father and his rich family took their young son on a trip to the country with the firm intention of showing him how poor people can be. They spent a day and a night in the farm of a very poor family. When they got back from their trip, the father asked his son, "How was the trip?".

'Very good, Dad!'. "Did you see how poor people can be?", the father asked.

'Yeah!'. "And what did you learn?"

The son answered, 'I saw that we have a dog at home and they have four. We have a pool that reaches the middle of the garden and they have a creek that has no end. We have imported lamps in the garden and they have the stars. Our patio reaches to the front yard and they have a whole horizon.' When the little boy was finishing, his father was speechless. The son added, 'Thank you, Dad, for showing me how poor we are!'

Isn't it true that all depends on the way you look at things? You can have all the material possessions, provisions for the future etc., but if you are poor in spirit, you have nothing!

*Collected by **Regi Varghese, Kaviyoor***

കേരളത്തിലെ ക്രൈസ്തവ പ്രസിദ്ധീകരണങ്ങളെ അധികരിച്ചുള്ള

# പാർശ്വ ചിന്തകൾ



ഡോ. സി. ജെ. റോയ്

## പ്രാർത്ഥനയുടെ തത്ത്വശാസ്ത്രം

പ്രാർത്ഥനയുടെ അലയൊലികളാണെങ്ങും. സംഗീതവും വാദ്യഘോഷവും അവയ്ക്ക് അകമ്പടികൾ. സമസ്തചരാചരങ്ങളിലുമുള്ള ദൈവചൈതന്യത്തെപ്പറ്റി എന്നത്തേയുംകാൾ ബോധവാന്മാരായിരിക്കുന്നോ നാം? അതിശക്തമായ സംഘർഷങ്ങളിൽ നിന്നുള്ള മോചനത്തിനു പ്രാർത്ഥനയല്ലാതെ മറ്റു മാർഗമില്ലെന്നും. പക്ഷേ, മറ്റെന്തുംപോലെ പ്രാർത്ഥനയും വികലമാക്കപ്പെടുന്നുവെന്നാണ് ആനുകാലികപ്രസിദ്ധീകരണങ്ങൾ നൽകുന്ന സൂചന. ***പണം പ്രാർത്ഥനയുടെ പ്രേരകഘടകമാകുമ്പോൾ രക്ഷണ്യപ്രവർത്തനം ഒരു കച്ചവടം മാത്രമായിത്തീരുന്നു***വെന്ന മാർ ക്രിസോസ്റ്റം മെത്രാപ്പോലീത്തയുടെ പ്രസ്താവത്തിൽ (ന്യൂവിഷൻ-ഫെബ്രുവരി ലക്കം) ആ സൂചനയുണ്ട്. 'ആത്മീയയാത്ര'യിൽ മധ്യസ്ഥപ്രാർത്ഥനയിലൂടെ പലർക്കും കൈവരുന്ന അനുഗ്രഹങ്ങളുടെ പട്ടിക പതിവായി കാണാം. സന്താനലാഭം, രോഗശാന്തി, പരീക്ഷാവിജയം, ഉദ്യോഗലബ്ധി, സ്ഥലംമാറ്റം എന്നിങ്ങനെ നീളുന്നു പട്ടിക. ഇവയൊക്കെയോ ഇവയിലധികമോ ആയ അനുഗ്രഹങ്ങൾ ദൈവം നമുക്കു നൽകുന്നു. അതിൽ നമുക്കു നന്ദിയുമുണ്ട്. എങ്കിലും, എന്തോ പന്തികേടു തോന്നുന്നു അവയിലൂടെ നീങ്ങുമ്പോൾ. പണമല്ലെങ്കിൽ പ്രശസ്തിയാണു അവയ്ക്കു പിന്നിലുള്ള പ്രേരണയെന്ന തോന്നലാകാം അതിനു കാരണം. വലതുകൈ ചെയ്യുന്നത് ഇടതുകൈ അറിയരുതെന്ന പ്രമാണം പ്രാർത്ഥനയിലും പ്രസക്തമാണെന്നു കരുതുന്നതും കാരണമാകാം. പ്രാർത്ഥനയോടുള്ള സമീപനത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന പതനം വ്യക്തമാക്കുന്ന രണ്ടു റിപ്പോർട്ടുകൾ 'ഹാലേലുയ്യ' (ഡിസംബർ ലക്കം) യിൽ കണ്ടു. ഏറെക്കാലം ബൈബിൾ വായിച്ചും പ്രാർത്ഥിച്ചും താൻ മശിഹയെന്നു സ്വയം പരിചയപ്പെടുത്തുന്ന പാലക്കാട്ടുകാരൻ വർഗീസിന്റെയും, വർഷങ്ങളായി പ്രാർത്ഥന തൊഴിലാക്കി ജനങ്ങളെ കബളിപ്പിക്കുന്ന പാസ്റ്ററുടെയും കഥകൾ.

പരമ്പരാഗത സങ്കല്പമനുസരിച്ച് ബലിയോടൊപ്പമോ അല്ലാതെയോ ദൈവമുമ്പാകെ നടത്തുന്ന വിനീതമായ അപേക്ഷയാണു പ്രാർത്ഥന. ക്രൈസ്തവരെ സംബന്ധിച്ചിടത്തോളം ക്രിസ്തുനാമത്തിലാണത്. ക്രിസ്തുവിന്റെ മധ്യസ്ഥതയിലൂടെയേ ദൈവകൃപ നേടാനാവൂ എന്ന വിശ്വാസമാണ് അതിനു കാരണം. വാച്യമായോ മൗനമായോ ആകാം പ്രാർത്ഥന. പ്രകീർത്തനം, ആരാധന, നന്ദിപ്രകാശനം, അപേക്ഷ എന്നിവ വാച്യപ്രാർത്ഥനയുടെ ഭാഗങ്ങൾ. മനനപ്രധാനമാണ് മൗനപ്രാർത്ഥന. ഏഴു യാമങ്ങളിലായി പ്രാർത്ഥിക്കണമെന്നും ഓരോ യാമത്തിലെയും പ്രാർത്ഥന വിശ്വാസിയെ കർത്താവിന്റെ രക്ഷാസാന്നിധ്യത്തിലെത്തിക്കുമെന്നും 'താലന്ത്' മാസിക പറയുന്നു. കർത്താവേ, കർത്താവേ എന്നു വിളിക്കുന്നതല്ല, ഹൃദയത്തിൽ വിശ്വസിക്കുന്നത് അധരങ്ങൾ കൊണ്ട് ഏറ്റുപറയുകയും, പറയുന്നതു ചെയ്യുകയുമാണു പ്രാർത്ഥനയെന്നു ഓർമിപ്പിക്കുന്നുമുണ്ട് ഈ പ്രസിദ്ധീകരണം. 'ഗുഡ് ന്യൂസ്' വാർത്താവാരികയിൽ പ്രാർത്ഥനാസംബന്ധമായി ശ്രദ്ധേയമായ ഒരു ലേഖനമുണ്ട്. മനുഷ്യന്റെ ദൈവാശ്രയത്തിനു തെളിവായി അതിൽ പ്രാർത്ഥനയെ കാണുന്നു. ദൈവാശ്രയം വെളിപ്പെടുന്നതു രണ്ടു തരത്തിലാണ്. ഒന്ന്, നമ്മുടെ കഴിവുകേടുകളെപ്പറ്റിയുള്ള ബോധ്യത്തിന്റെ ഫലമായി ദൈവം നമ്മോടൊപ്പമുണ്ടാകണമെന്ന മോഹം. രണ്ട്, ആത്മീയ ഉണർവിനു ദൈവസാന്നിധ്യം അനിവാര്യമെന്ന അറിവും അതിലൂടെ ദൈവികപ്രവർത്തനങ്ങളിലുള്ള പങ്കാളിത്തവും. ദൈവഹിതപ്രകാരമുള്ള ഏതു പ്രാർത്ഥനയ്ക്കും മറുപടി കിട്ടുമെന്ന് ഉറപ്പിച്ചു പറയുന്നുമുണ്ട് ലേഖനത്തിൽ.

നമ്മുടെയൊക്കെ ജീവിതവുമായി ബന്ധപ്പെട്ട ദൈവനിയോഗങ്ങളെ പ്രാർത്ഥനയ്ക്കു മാറ്റാനാവുമോ? നമുക്കു വിധിച്ചിട്ടില്ലാത്ത നന്മകൾ നേടുവാനും തിന്മകളൊഴിവാക്കുവാനും പ്രാർത്ഥനയ്ക്കു എങ്ങനെ കഴിയും? പ്രാർത്ഥനയെ സംബന്ധിക്കുന്ന മുഖ്യപ്രശ്നമാണത്. ദൈവത്തിന്റെ പരമാധികാരവും മനുഷ്യന്റെ സ്വാതന്ത്ര്യവും തമ്മിലുള്ള സംഘട്ടനം അതിലുണ്ട്. ആ നിലയ്ക്ക് പ്രാർത്ഥനയോടുള്ള മനോഭാവം കൂടുതൽ സൃഷ്ടിപരമാക്കുക. ദൈവഹിതം മാറ്റിമറിക്കാൻ ശ്രമിക്കുന്നതിനേക്കാൾ അതുമായി പൊരുത്തപ്പെടുന്നതാണു നന്ന്. ബോധപൂർവമായ അത്തരമൊരു പൊരുത്തപ്പെടലാകണം പ്രാർത്ഥന. ദൈവവുമായുള്ള സംവാദത്തിനുപകരം ദൈവഹിതത്തോടുള്ള വിധേയത്വമാണ് അതിന്റെ മർമം. അങ്ങനെ വരുമ്പോൾ, ദൈവത്തോടുള്ള നമ്മുടെ വിധേയത്വത്തിലും സ്നേഹത്തിലും അധിഷ്ഠിതമായ വിശ്വാസത്തിന്റെയും പ്രത്യാശയുടെയും ആവിഷ്കാരമാണ് പ്രാർത്ഥന. പ്രാർത്ഥനയിലൂടെ ദൈവത്തെ പ്രകീർത്തിക്കുകയും ദൈവത്തിനു നന്ദി പറയുകയും ചെയ്യുമ്പോൾ ദൈവത്തിന്റെ ഔന്നത്യത്തെയും പരമാധികാരത്തെയും നാം അംഗീകരിക്കുന്നു. പശ്ചാത്താപപ്രകടനത്തിൽ ദൈവവുമായുള്ള ബന്ധത്തിൽ വന്നുപോയ പിഴവുകളിൽ അനുതപിച്ചു ബന്ധം വീണ്ടെടുത്ത് മെച്ചപ്പെട്ട ജീവിതത്തിനു സന്നദ്ധനാകുന്നു. അപേക്ഷകളിൽ നമ്മുടെയും മറ്റുള്ളവരുടെയും ആവശ്യങ്ങളുമായി പൊരുത്തപ്പെടുകയും അവയുടെ നിർവഹണത്തിന് ആവുന്നതെല്ലാം ചെയ്യാൻ ശക്തി സംഭരിക്കുകയും ചെയ്യുന്നു. കൂട്ടായ പ്രാർത്ഥനകൾ, ആവശ്യങ്ങളുടെ നിർവഹണത്തിൽ ഒപ്പമുള്ളവരുടെ സഹകരണം ലഭ്യമാക്കുന്നു. അതായത്, ദൈവത്തിലല്ല ***നമ്മിൽത്തന്നെയാണു പ്രാർത്ഥന മാറ്റം വരുത്തുന്നത്. ആ മാറ്റമാകണം നമ്മുടെ പ്രാർത്ഥനയ്ക്കുള്ള മറുപടി.*** ●

## JESUS STEPS IN

| | | |
|---|---|---|
| To console and wipe tears | - | widow of Nain weeping at her son's death (Lk. 7) |
| To walk with | - | with the disciples at the Emmaus road. (Lk.24) |
| To listen and talk to | - | lonely and left out woman of Samaria. (Jn. 4) |
| To share an ordinary meal | - | at the seashore (Jn. 21); at Emmaus. (Lk. 24) |
| To be with the disheartened | - | coming to the disciples at the fourth watch (Mt. 14) |
| To feed and satisfy | - | feeding the five thousand. (Jn. 6) |
| To provide for our daily needs | - | friends, haven't you any fish? He asks. (Jn. 21; Lk. 5) |
| To solve any grave problem | - | wedding at Cana (Jn. 2) |
| To lift up a fallen one | - | sinking Peter (Mt. 14) |
| To intercede for | - | a tempted and winnowed disciple (Lk. 22) |
| To assure forgiveness | - | woman at Simeon's banquet (Lk. 7) |
| To set free from judgment | - | woman caught in adultery. (Jn. 8) |
| To cast out evil power | - | demon-possessed delivered. (Mt. 8) |
| To show his loving eare | - | mother at the Cross. (Jn. 19) |
| To reveal his authority over Nature | - | winds and storms yield at his word (Mt. 8) |

Elizabeth Thomas Mathew
Thiruvananthapuram

# മതപരിവർത്തനം



ജസ്റ്റീസ് കെ. ടി. തോമസ്, കോട്ടയം

### ദേശീയ സഭകൾ

ഇന്ത്യയിലെ ഓരോ സഭയും പരസ്പര ബന്ധിതമായ ഒരു ആഗോളശൃംഖലയുടെ ഭാഗമാണ്; കാരണം, മുമ്പേതന്നെ ലോകമാസകലം ക്രിസ്തീയത വളർന്നുകഴിഞ്ഞിരുന്നു. ചില സഭകളുടെ ആസ്ഥാനം ഇന്ത്യയ്ക്കു പുറത്താണ്; ചിലതിന്റെയാകട്ടെ, ഇന്ത്യയ്ക്കുള്ളളിലും. സഭകളുടെ ആസ്ഥാനം ഇന്ത്യയ്ക്കു പുറത്താണെന്ന കാരണം കൊണ്ടു മാത്രം അവ വിദേശ സഭകളായിത്തീരുമോ? യഥാർത്ഥത്തിൽ, ലോകമതമെന്ന വിഷയത്തിൽ വിദേശസഭകളെന്ന സങ്കല്പം തന്നെ അരോചകമാണ്. സഭകളെ സംബന്ധിച്ച് അവയുടെ ആസ്ഥാനങ്ങൾ ഇന്ത്യയിൽ സ്ഥാപിക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുകളുണ്ട്. ഉദാഹരണത്തിന്, കത്തോലിക്കാസഭയുടെ പരമാധികാരി റോമിലാണ് ജീവിക്കുന്നത്. സിറിയൻ ഓർത്തഡോക്സ് സഭയുടെ പരമാധികാരി ഡമാസ്കസിലാണ്. കൽദായ സഭയുടെ സമാനാധികാരി ബാഗ്ദാദിലാണ്. പെന്തക്കോസ്തു സഭകളുടെ ആസ്ഥാനം അമേരിക്കയിലും ആംഗ്ലിക്കൻ സഭയുടേത് ഇംഗ്ലണ്ടിലുമാണ്. ഇത്രയേറെ സഭാവിഭാഗങ്ങളിൽ ഒന്നിന്റെപോലും ആസ്ഥാനം യേശുക്രിസ്തു ജനിച്ചതോ പ്രസംഗിച്ചതോ ക്രൂശിക്കപ്പെട്ടതോ ആയ ഒരു സ്ഥലത്തും ഉണ്ടായിട്ടില്ലെന്നത് ചരിത്രത്തിന്റെ ഒരു വിരോധാഭാസമാണ്. ക്രിസ്തു യൂദയാ വിട്ടതിനുശേഷം ഉടനെതന്നെ, ആദ്യമായി ക്രിസ്തുമതം എത്തിയ സ്ഥലങ്ങളിലൊന്ന് കേരളമായിരുന്നു. എന്നാൽ, ഇവിടുത്തെ സഭ കഴിഞ്ഞ പത്തൊമ്പത് നൂറ്റാണ്ടു കാലയളവിൽ ഈ സംസ്ഥാനത്തിന്റെ അതിർത്തികൾക്കപ്പുറം വളരുകയുണ്ടായില്ല.

ഇനി, ഞാൻ അല്പമൊന്നു വ്യതിചലിക്കട്ടെ - മെത്രാൻ, എപ്പിസ്കോപ്പ, ബിഷപ്പ് എന്നീ പദങ്ങളെല്ലാം, ഏതാനും നൂറ്റാണ്ടുമുമ്പുവരെ, ഈ നാടിന് അന്യമായിരുന്നു. സഭയുടെ തലവൻ, അഥവ സഭാധ്യക്ഷൻ, 'ജാതിക്കു കർത്തവ്യൻ' എന്നാണറിയപ്പെട്ടിരുന്നത്. ഇവിടെ വിശ്വാസം വളർന്ന തനിമയാർന്ന ആ രീതി കാണും. ഈ നാടിന്റെ അതിർത്തിക്കു പുറത്തുള്ള ഒരു വിശ്വാസരീതിയുമായി അതിനു യാതൊരു ബന്ധവുമുണ്ടായിരുന്നില്ല. സഭ ദേശീയമായിരിക്കണമെന്ന് ആവശ്യപ്പെടുന്നതിനുള്ള കാരണം എനിക്കു മനസ്സിലാകുന്നില്ല. യഥാർത്ഥത്തിൽ ഒരു സഭയും അദേശീയമല്ല. 'ദേശീയവിരുദ്ധം' എന്ന പദം ഞാൻ ഉപയോഗിക്കുന്നില്ല. സഭയ്ക്ക് ഇന്ത്യയ്ക്കു പുറത്തു ബന്ധങ്ങളുണ്ട്, അല്ലെങ്കിൽ ഇന്ത്യയ്ക്കു വെളിയിലാണ് ആസ്ഥാനം എന്ന വസ്തുത അതിനെ അദേശീയമാക്കുന്നില്ല. പ്രായോഗികമായി, ഇന്ത്യയ്ക്കു വെളിയിൽ ശാഖകളില്ലാത്ത ഒരു മതവും ഇന്ത്യയിലിന്നു നിലവിലില്ല. ഇന്ത്യ ജന്മം കൊടുത്ത മതങ്ങളിലേറെയും ഇന്ത്യയ്ക്കു വെളിയിൽ പ്രചരിച്ചവയാണ്. ഉദാഹരണത്തിന്, ബുദ്ധമതം ഇന്ന് മുഖ്യമായും ഇന്ത്യയ്ക്കു പുറത്തു പ്രചരിച്ച ഒന്നാണ്. സിക്കുമതത്തിന് യൂറോപ്യൻ രാജ്യങ്ങളിലും അമേരിക്കയിലും കാനഡയിലും ധാരാളം 'ഗുരുദ്വാര'കൾ ഉണ്ട്. അവയിൽ ചിലത് ഞാൻ സന്ദർശിച്ചിട്ടുണ്ട്. കേരളത്തിൽ ആസ്ഥാനമുള്ള മാർത്തോമാസഭയിൽ നിന്നാണു ഞാൻ വരുന്നത്. ഈ സഭയുടെ തലവൻ താമസിക്കുന്നത് തിരുവല്ലയിലാണ്. ഈ സഭയ്ക്കുപോലും ഇന്ത്യയ്ക്കു വെളിയിൽ ഏറെ സ്ഥലങ്ങളിൽ ഭദ്രാസനങ്ങളും ഇടവകകളും ഉണ്ട്. വസ്തുതാപരമായ ഈ പ്രായോഗിക കാര്യങ്ങൾ കൊണ്ട്, ഒരു സഭയെ ഇന്ത്യയുടെ അതിർത്തിക്കുള്ളിൽ മാത്രമായി ചുരുക്കുക ബുദ്ധിമുട്ടാണ്. അതുകൊണ്ട്, ***ദേശീയസഭ എന്ന സങ്കല്പം തെറ്റായ ധാരണകളിൽ നിന്നു മുളപൊട്ടിയതാണ്.***

### ദളിത് ക്രൈസ്തവർ

ഈ വിഷയം പ്രധാനമാകുന്നത്, ഹിന്ദുമതത്തിലും ബുദ്ധമതത്തിലും ജൈനമതത്തിലും, എന്നല്ല സിക്കുമതത്തിൽപ്പോലുമുള്ള ദളിത് വിഭാഗങ്ങക്കു ലഭ്യമായിരിക്കുന്ന ആനുകൂല്യങ്ങൾ ദളിത്ക്രൈസ്തവർക്കു നല്കപ്പെടുന്നില്ല എന്നതിനാലാണ്. ഈ പ്രശ്നത്തിനു രണ്ടു മുഖങ്ങളുണ്ട്. ദളിതൻ എന്നാൽ ഹിന്ദുസമുദായം ദീർഘകാലം അസ്പൃശ്യനായും പുറജാതിക്കാരനായും കൈകാര്യം ചെയ്ത ഒരു വ്യക്തിയാണെന്നതാണ് ഒന്നാമത്തെ കാര്യം. ഹിന്ദുമതം വിട്ട് ക്രിസ്തുമതത്തെ ആലിംഗനം ചെയ്ത ദളിതർക്കു ക്രിസ്തുമതം തുല്യപദവി നല്കി അംഗീകരിച്ചിട്ടുണ്ടാവണം എന്നാണു വാദം. അവരങ്ങനെ ചെയ്തിട്ടുണ്ടെങ്കിൽ ക്രിസ്തുമതത്തിനുള്ളിലെ ദളിതരുടെ അസ്പൃശ്യത അവസാനിച്ചിട്ടുണ്ടാകണം. അതുകൊണ്ട് വിവേചനവുമായി ബന്ധപ്പെട്ട് ദളിത്ഹിന്ദുക്കളോടു സമാനമായി അവരെ കരുതാനാവില്ല.

ഇനി അടുത്തവശം, ക്രിസ്തുമതത്തിലേക്കു പരിവർത്തനം ചെയ്തതിനുശേഷമുള്ള ആ ദളിതരുടെ യഥാർത്ഥ കഷ്ടാവസ്ഥ എന്തായിരുന്നുവെന്നതാണ്. അവർ ദളിത്ഹിന്ദുക്കളായിരുന്നപ്പോൾ സഹിക്കേണ്ടിവന്ന അവശതകളിൽനിന്നും അവർക്കു മോചനം ലഭിച്ചോ? ദളിതർ, ഹിന്ദുക്കളായിരുന്നാലും ക്രിസ്ത്യാനികളായിരുന്നാലും, ഒരേ തോതിലുള്ള അവശത അനുഭവിക്കുന്നുവെന്നതാണു യാഥാർഥ്യം. അങ്ങനെയെങ്കിൽ ക്രിസ്ത്യാനിയാകുന്ന ഒരു ദളിതന് പെട്ടെന്നെന്തിന് നിയമപരമായി ആനുകൂല്യങ്ങൾ നഷ്ടപ്പെടണം?

മതപരിവർത്തനം നടത്തിയ ക്രൈസ്തവർക്ക് തുല്യപദവി മനഃപൂർവം നിഷേധിച്ചവരാണ് നമ്മുടെ പിതാക്കന്മാർ എന്ന നിലയ്ക്ക്, ക്രൈസ്തവരായിത്തീർന്ന ദളിതർക്കും മറ്റു ദളിതർക്കുള്ള അതേ ആനുകൂല്യങ്ങൾ നിലനിർത്തണമെന്നു വാദിക്കാൻ നമുക്ക് ധാർമ്മികമായി എന്താണവകാശം? അതുപോലെതന്നെ ദളിത്ക്രൈസ്തവർക്കും ഒരേ ആനുകൂല്യങ്ങൾ നൽകുന്നതിനെ മുന്നോക്ക ഹിന്ദുസമുദായങ്ങൾ എതിർക്കുന്നതും സാധൂകരണാർഹമല്ല. ഹിന്ദുമതഗ്രന്ഥങ്ങളുടെ ദുർവ്യാഖ്യാനത്തിന്റെ ബലത്തിൽ മോശം പെരുമാറ്റത്തിനിരയായ ഒരുവിഭാഗം ജനത്തിന് അത്തരം ആനുകൂല്യങ്ങൾ നല്കുന്നതിനെ എതിർക്കാൻ അവർക്കെന്താണവകാശം? വളരെ വിഷമംപിടിച്ച ഒരു പ്രശ്നമാണെന്നിരിക്കലും ദളിതർക്ക്, അവർ ഹിന്ദുമതമോ ബുദ്ധമതമോ ജൈനമതമോ പിന്തുടരുമ്പോൾ നൽകുന്നത് എന്തെല്ലാമാണോ അതെല്ലാം ക്രിസ്തുമതം പിന്തുടരുമ്പോഴും നൽകണമെന്നാണ് എന്റെ ശക്തമായ അഭിപ്രായം. ഇന്ത്യയിലെ ഭാഗ്യഹീനരായ ഈ വിഭാഗത്തെ സംബന്ധിച്ച്, നിർഭാഗ്യവശാൽ, മതംമാറ്റം അവരുടെ അവശതകളെ മാറ്റുകയുണ്ടായില്ല. ***മറ്റു മതങ്ങളിലെ ദളിതർക്കു നൽകപ്പെടുന്ന ആനുകൂല്യങ്ങൾ ദളിത് ക്രൈസ്തവർക്ക്, അവരുടെ മതവിശ്വാസത്തിൽ വന്ന മാറ്റംകൊണ്ടുമാത്രം, നിഷേധിക്കണമെന്ന വാദത്തിനു പിന്നിലുള്ള യുക്തി എനിക്കിനിയും മനസ്സിലായിട്ടില്ല.***

### വിദേശപ്പണത്തിന്റെ പ്രവാഹം

ഇന്ത്യൻ റിപ്പബ്ലിക്കിന്റെ ആദ്യ ദശകങ്ങളിൽ വിദേശപ്പണത്തിന്റെ വരവ് മുഖ്യമായും, 'എപ്പിസ്കോപ്പൽ' സംജ്ഞയിൽപ്പെടാത്ത സഭകൾക്കുവേണ്ടിയായിരുന്നു. ഗവൺമെന്റ് അത് സാരമില്ലെന്നു വച്ചു. പിന്നീട്, ഇസ്ലാമിക പ്രവർത്തനങ്ങൾക്കുവേണ്ടി വിദേശപ്പണം എത്തിച്ചേർന്നു. ഇപ്പോഴാകട്ടെ അത്, ഹിന്ദുമതത്തിന്റെയും സിക്കുമതത്തിന്റെയും ഉൾപ്പെടെ എല്ലാ മതങ്ങളുടെയും പ്രവർത്തനങ്ങൾക്കായി വന്നുകൊണ്ടിരിക്കുന്നു. പണത്തിന്റെ ഇത്തരം ഒഴുക്കിന് നിയമപരമായ തടസ്സങ്ങൾ ഉണ്ടാകേണ്ടതുണ്ടോ? ***ദേശദ്രോഹപ്രവർത്തനങ്ങളിലും അക്രമപ്രവർത്തനങ്ങളിലും ഏർപ്പെട്ടിരിക്കുന്നവരുടെ കൈകളിൽ വിദേശപ്പണമെത്തുന്നത് എല്ലാ വിധത്തിലും പൂർണമായി തടയേണ്ടതുണ്ടെന്ന കാര്യത്തിൽ എനിക്ക് രണ്ടാമതൊരഭിപ്രായമില്ല.*** അതിനുമപ്പുറം, ഈ രാജ്യത്തെ ഓരോ ഡോളറും അക്കൗണ്ടിലൂടെ മാത്രം വരുകയും, അത്, പോയത് ആർക്കാണ്, അല്ലെങ്കിൽ ഏതു സംഘടനയ്ക്കാണ് എന്ന് ഇന്ത്യാ ഗവൺമെന്റ് അറിയുകയും ചെയ്യേണ്ടതുണ്ട്.

# മിസ്റ്റർ സാധാരണക്കാരൻ

ഫാദർജി

**കേ**ൾക്കുമ്പോൾ വെറുമൊരു തമാശയായി തോന്നും. അമേരിക്കയിൽ വലിയ എക്സിക്യുട്ടീവായി സുഖസൗകര്യങ്ങളോടെ താമസിക്കുമ്പോൾ ഇതിലൊന്നും കാര്യമില്ല, ഒരു സാധാരണക്കാരനായി ജീവിക്കണമെന്ന് അയാൾക്കു തോന്നി.

'തക, തക'

എല്ലാം ഉപേക്ഷിച്ച് നാട്ടിലെത്തി ബൈബിളും പിടിച്ച് കാൽനട ഉപദേശിയായി ചുറ്റിയലയുമ്പോൾ നാട്ടുകാർക്ക് സംശയം-വട്ടാണോ?

ഇപ്പോഴദ്ദേഹം വെറുമൊരു സാധാരണ വീട്ടിൽ താമസിക്കുന്നു. കുട്ടികൾ ഡിപ്പിയിപ്പി സ്കൂളിൽ പഠിക്കുന്നു. ഭാര്യയെന്ന ശ്രീമതി കളങ്കമില്ലാത്ത കൈരളീ കൺമണിയായി മാറിയിരിക്കുന്നു. ആർക്കും പരിഭവമോ, പരാതിയോ ഇല്ല.

'അല്ല, ഇങ്ങനെയൊരു തീരുമാനമെടുക്കുവാൻ കാരണമെന്താണ് സഹോദരൻ ചേട്ടാ?'

സൗഭാഗ്യങ്ങളുടെ അത്യുന്നത ശ്രേണിയിലായിരുന്നപ്പോൾ മനസ്സിലാകെ ടെൻഷനും പിരിമുറക്കവും ആളിക്കത്തുന്ന തീയുമായിരുന്നു. വളരെ കഷ്ടപ്പെട്ടുകയറിയ വിക്ടറി സ്റ്റാൻഡിന്റെ പടികളിറങ്ങി, സാധാരണ വിശ്വാസിയായിത്തീർന്നപ്പോൾ ആശ്വാസവും സമാധാനവും കിട്ടി, ന്യൂക്ലിയർ മെഡിസിനിലെ അത്യുന്നത ഡിഗ്രിയും പദവിയും ഡോളറുമൊന്നും സമാധാനത്തിന്റെ വഴികൾ പറഞ്ഞുതന്നില്ല. ഒരു നിർഭാഗ്യവാനെന്ന തോന്നൽ അക്കാലത്ത് മനസ്സിൽ ശക്തമായിക്കൊണ്ടിരുന്നു.

'ങ്ട്. പുള്ളിക്കെന്തോ കുഴപ്പോണ്ട്'

ഗിരിപ്രഭാഷണത്തിൽ ക്രിസ്തു പരിചയപ്പെടുത്തിയ ഭാഗ്യവാന്മാരെപ്പറ്റി വായിച്ചത് ജീവിതത്തിലെ വലിയൊരു വഴിത്തിരിവായി. ആത്മാവിൽ ദരിദ്രർ, ദുഃഖിക്കുന്നവർ, നീതിക്കു വിശന്നു ദാഹിക്കുന്നവർ,, കരുണയുള്ളവർ, ഹൃദയശുദ്ധിയുള്ളവർ. സമാധാനമുണ്ടാക്കുന്നവർ, നീതിനിമിത്തം ഉപദ്രവിക്കപ്പെടുന്നവർ തുടങ്ങിയവർ ഭാഗ്യവാന്മാരാണെന്നും സ്വർഗരാജ്യം അവരുടേതാണെന്നുമുള്ള ആഹ്വാനം വളരെ ഗൗരവമായ ചിന്തയെന്നിലുണർത്തി. ഒടുവിൽ ഭാഗ്യവാനായ ഒരു സാധാരണക്കാരനായിത്തീർന്നു ഞാൻ.

'പണം, ജോലി, ജീവിതസൗകര്യം, മക്കളുടെ ഭാവി, വിദ്യാഭ്യാസം തുടങ്ങിയ കാര്യങ്ങളിൽ വളരെ സാദ്ധ്യതകളുള്ള ഡോളർ വിളയുന്ന നാട്ടിൽനിന്നു പോന്നതും, ചില്ലിക്കാശ് പ്രതിഫലമില്ലാത്ത സുവിശേഷവേലയ്ക്കിറങ്ങിയതും സാഹസമല്ലേ? അറ്റ്ലാന്റിക് കടക്കുവാൻ ഇവിടെ ഓരോരുത്തര് പെടുന്ന പെടാപ്പാടെന്താണെന്നറിയാമോ?

'വാഗ്ദത്തം ചെയ്തവൻ വിശ്വസ്തനാണെ'ന്ന എബ്രായലേഖന വാക്യം മാത്രമാണതിനുള്ള മറുപടി.

'പഠിക്കുക, വളരുക, സമ്പാദിക്കുക, പ്രശസ്തനാവുക ഇതൊക്കെ തെറ്റാണെന്നാണോ ങ്ങള് പറയണത്?

'ഒന്നും തെറ്റല്ല. പക്ഷെ ജീവിതത്തിന്റെ മുഖ്യലക്ഷ്യം ഇതുമാത്രമാണെന്ന് ചിന്തിക്കുന്നതാണ് തെറ്റ്. സമ്പത്തിന്റെ ആധിക്യത്തിലല്ല ജീവനിരിക്കുന്നത്. സൗഭാഗ്യങ്ങൾക്കും സമ്പാദ്യങ്ങൾക്കും തരാൻ കഴിയാത്ത സന്തോഷം ദൈവത്തോടുകൂടെയുള്ള ജീവിതത്തിനു തരാൻ കഴിയും. ഈ ജീവിതത്തിനുവേണ്ടി മാത്രം കരുതുന്നവൻ വിഡ്ഢിയാണ്. നിത്യജീവനുവേണ്ടിയും എന്തെങ്കിലുമൊക്കെ നേടണം.'

ഇങ്ങേര് പറയുന്നത് നമ്മൾ പാരമ്പര്യ ക്രിസ്ത്യാനികൾക്കു മനസ്സിലാവില്ല. പ്രത്യേകിച്ച്, ഉയരണം, വളരണം, വാരിക്കൂട്ടണമെന്നൊക്കെ ഇരുപത്തിനാലു മണിക്കൂറും ചിന്തിക്കുന്ന സൺഡേ ക്രിസ്ത്യാനി'കൾക്ക്.

യെശയ്യ ബർലിൻ എന്ന അതിസമർത്ഥനും പ്രതിഭാശാലിയുമായ പ്രൊഫസർക്ക് മരണത്തെക്കുറിച്ച് ഓർക്കുമ്പോൾ ഭയങ്കര ഭയമാണ്. അദ്ദേഹത്തിന്റെ അത്യുന്നത ഡിഗ്രി മരണഭയമകറ്റുവാൻ സഹായകമാകുന്നില്ല. എന്നാൽ വെറും സാധാരണക്കാരനായ വിശ്വാസി 'എന്റെ കർത്താവേ' എന്നു വിളിച്ച് മരണത്തെ സമചിത്തതയോടെ നേരിടുന്നു. ആരാണു ഭേദം?

കുടുംബസന്തോഷം ആസ്വദിക്കുവാൻപോലും സമയമില്ലാതെ ആർത്തിയോടെ ഓടിനടന്ന് വാരിക്കൂട്ടുന്ന മൊതലാളിസാറിന് തെരുവിലുറങ്ങുന്ന നാടോടി കുടുംബത്തിന്റെ നിറവും നിർവൃതിയുമില്ല! ആരാണു ഭാഗ്യവാൻ?

സ്വയം നീതീകരിക്കുന്ന പരീശൻസാറും നുറുങ്ങിയ ഹൃദയത്തോടെ പൊട്ടിക്കരയുന്ന ചുങ്കക്കാരനും പള്ളി വിട്ടിറങ്ങുമ്പോൾ ചുങ്കക്കാരന്റെ സ്വർഗീയ നിക്ഷേപത്തിൽ ദൈവം പ്രതിഫലം വരവുവയ്ക്കുന്നു. ആരാണു ഭാഗ്യവാൻ?

***ലോകത്തിലേക്കേറ്റവും വലിയ അധികാരക്കസേര കിട്ടിയ അമേരിക്കൻ പ്രസിഡന്റ് ബുഷ് സമാധാനമായൊന്ന് ഉറങ്ങിയിട്ട് മാസങ്ങളെത്ര കഴിഞ്ഞു? അത്രയൊന്നും മാനവും മഹത്വവുമില്ലാത്ത സാധാരണക്കാരൻ തനിക്കുള്ളത് തിന്നുകുടിച്ച് സമാധാനമായി ഉറങ്ങുന്നു. ആരാണു ഭാഗ്യവാൻ?***

സമൂഹം സൗഭാഗ്യവാന്മാരെന്നു വിളിച്ചുപൂജിക്കുന്ന മഹാന്മാരുടെ മനസ്സിന്റെ അകത്തളങ്ങളിൽ ആത്മനൊമ്പരവും ഭയവും സംശയവുമാണ്. ഭാഗ്യവാൻമാരെന്നു വിളിക്കപ്പെടുന്ന സാക്ഷാൽ നിർഭാഗ്യവാൻമാരാണവർ. ലക്ഷങ്ങളുടെ സ്ത്രീധനവും ആഭരണവും കൊടുത്ത് അത്യാർഭാടമായി നടത്തുന്ന പല ദാമ്പത്യബന്ധങ്ങളും അലങ്കാരപ്പൂക്കൾ വാടുംമുമ്പെ ഇടർച്ചയിലാകുന്നു. വിദ്യാസമ്പന്നരും വിവേകമതികളും കെട്ടുന്ന മംഗല്യസൂത്രങ്ങളാണ് പെട്ടെന്ന് കെട്ടുപൊട്ടാകുന്നത്. കീഴടക്കാനും സംശയിക്കാനും പകയും വിദ്വേഷവും മനസ്സിൽ സൂക്ഷിക്കാനും അറിയാത്ത, ***ദൈവഭയമുള്ള വെറും 'ഓർഡിനറി കപ്പിൾസ്' ജീവിതാന്ത്യം വരെ സൗഹൃദം നുണയുന്നു!*** ആരാണു ഭാഗ്യവാന്മാർ?

സകലജനത്തിനുമുണ്ടാകുവാനുള്ള സദ്വർത്തമാനം അറിയിക്കുവാൻ വന്ന ഡിവൈൻ പോസ്റ്റുമാൻ രാജകൊട്ടാരത്തിലും അരമനയിലും പ്രഭുമന്ദിരങ്ങളിലും ടെൻഷനടിച്ച് ബേജാറായി നടക്കുന്നവരെ കണ്ടപ്പോൾ റൂട്ട് മാറ്റി സമാധാനമനുഭവിക്കുന്ന, ദൈവപ്രസാദമുള്ള ആട്ടിടയൻമാരുടെ അടുത്തു പോയി കാര്യം പറഞ്ഞു.

മനുഷ്യരാശിയുടെ വീണ്ടെടുപ്പിന് മനുഷ്യനായി ജനിച്ച ദൈവവും ഒരു സാധാരണക്കാരന്റെ ജീവിതശൈലിയാണ് തിരഞ്ഞെടുത്തത്. ***ദൈവത്തിന്റെ ഏറ്റവും വിനീതവും ലളിതവുമായ ഭാവം നാം ദർശിക്കുന്നത് ക്രിസ്തുവിലാണ്. സാധാരണക്കാരിൽ സാധാരണക്കാരനായിരുന്നു ആ കാർപ്പെന്റർ ഗോഡ്.*** അദ്ദേഹത്തിന് കണ്ടം തുന്നിയ ഒരങ്കി മാത്രമാണുണ്ടായിരുന്നത്. ശിഷ്യന്മാരോടും അത്രയേ പാടുള്ളൂവെന്ന് പ്രത്യേകം പറഞ്ഞു. ഇന്നിപ്പോൾ സഭാ-കരിസ്മാറ്റിക്-വേർപാട് നേതാക്കന്മാരുടെ ഫൈവ് സ്റ്റാർ ജീവിതശൈലിക്കുള്ള ചെലവെന്താണ്! ലാസറിന്റെ ഇറയത്തും പത്രോസിന്റെ അമ്മായിയമ്മയുടെ രോഗക്കിടക്കയിലും ഇരുന്ന നസറായന്റെ പിൻഗാമികൾക്ക് വിരിച്ചൊരുക്കാത്ത അനൗദ്യോഗിക വേദികളിൽ ഉപവിഷ്ടരാകുവാൻ സാധിക്കുമോ? ഒരു സാധാരണക്കാരന് അവരുടെ അടുത്തേക്ക് ഫ്രീയായിട്ട് കടന്നുചെല്ലാൻ പറ്റോ? മേലനങ്ങി പണിയെടുക്കാത്ത ഇക്കൂട്ടരുടെ അഹറോന്യ ആർഭാട ജീവിതശൈലിക്കും ദൈവശാസ്ത്ര സെമിനാർ ചെലവിനും സാധാരണക്കാരൻ കഷ്ടപ്പെട്ട് അദ്ധ്വാനിച്ചുണ്ടാക്കുന്ന സമ്പാദ്യത്തിന്റെ ഓഹരി വഴിപാടു കാശു വേണ്ടേ? ആരാണു വലിയവൻ?

വിവേകികൾക്കും ജ്ഞാനികൾക്കും കയ്യെത്തിപ്പിടിക്കാനാകാത്ത സമാധാനം



# EYE OF THE HORUS

**Dr. K. Rajasekharan Nair**
Professor of Neurology, Trivandrum

From the days of our Pharmacology classes we were taught that the medical symbol Rx meant "Take thou" - You take (these medicine). But it is interesting to note a historical explanation as to how and why it was used initially. Some of us use signs of benediction like 'Om' or 'Sree' before writing anything. According to some pandits Rx is also one sign of benediction, originated from Egyptian mythology.

The hieroglyphics of Osiris and Horus are the same- a symbol of an eye over a throne. The eye of the Horus was used initially as a sacred symbol over all written documents both in Egypt and neighbouring countries. Gradually this became universally accepted. In order to understand the story of Horus, one should understand some Egyptian mythology.

Possibly, Egypt was a united political entity governed by a monarchy from BC 3000 onwards. Their Kings were called Pharohs and they were generally considered as gods or as representatives of gods. As all the old religions of the world, their religion was also polytheistic, with the Sun God Re or Atum as the supreme one. Pharohs were incestuous, marrying their sisters so that a pure breed could be perpetuated. When the Pharohs died, the priests of Heliopolis entombed them in the Pyramids in the form of mummies.

Possibly, the mummification started from the time of one of the Pharohs, Osiris. He was slain by his evil brother Set. The story of the slaying of Osiris was so well known in Egypt in ancient times that the texts written in the interior walls of the Pyramid tombs did not give any details, as it was taken for granted. Egyptian customs did not permit portrayal of any killing scenes. Hence the portrayal of the killing of Osiris by Set is not available, though separate pictures of Osiris and Set are available even now.

The body of the slain Osiris was saved from decomposition and revivified by his wife, Isis and his sister Nephthys. The lamentation of Isis to Nephthys on the death of Osiris has been documented thus: "Behold, I have found thee lying there. Nephthys! this is our brother; Come, let us raise him from his death. Let us gather his bones for protection of his limbs. In our presence let him be weary no more. Oh! Osiris live, stand up thou unfortunate one that liest there. Isis brings libation to thee, Nephthys cleanses thee, thy two great sisters restore thy flesh, and they reunite thy members. They cause thy tow eyes to appear in thy face."

Thus the dead body of Osiris was packed and shrouded up, and his sisters thought that he was resurrected. The legend goes on that Osiris was indeed resurrected and his case was tried at the tribunal of Gods at Heliopolis and he was vindicated. Set, his brother was condemned. But Osiris did not return to his native land but became the ruler of the 'other' world but his posthumous son avenged the death of his father and ruled the country.

Ancient Egyptians have generally accepted the legend of Horus and Orisis, and the hieroglyphic of Horus (an eye on a throne) was accepted by them as a symbol to be noted before any document. As time passed, modification of that hieroglyphic as Rx came into existence mainly in medical prescriptions. ●

---

ഇന്നനുഭവിക്കുന്നത് സാധാരണക്കാരായ ഈശ്വരഭക്തരാണ്. അവർ സമൂഹത്തിലും ആത്മീയത്തിലും മാന്യരല്ല, ആരാധ്യരല്ല, പ്രശസ്തരും പ്രഗത്ഭരുമല്ല. ഉള്ളതും ഉള്ളവും സമർപ്പിച്ച് 'എന്റെ ദൈവമേ!' എന്നു വിളിക്കുവാൻ മാത്രമറിയുന്ന ഈ ചെറിയവർ സമാധാനത്തോടെ ജീവിക്കുന്നു. പരിഭവമില്ലാതെ അദ്ധ്വാനിക്കുന്നു. ഇല്ലായ്മയിൽ സംതൃപ്തി കണ്ടെത്തുന്നു. ദൈവത്തിലുള്ള പ്രത്യാശയോടെ മരിക്കുന്നു. എത്ര സൗഭാഗ്യമാണിത്! ആലവട്ടവും ആരാധകരുമില്ലെങ്കിലും വളരെ റിസ്ക് കുറഞ്ഞ ജീവിതമാണ് സാധാരണക്കാരന്റേത്. സാധാരണക്കാരായ മാതാപിതാക്കൾക്ക് വലിയ ജീവിതസൗകര്യങ്ങൾ മക്കൾക്കു കൊടുക്കുവാൻ കഴിഞ്ഞില്ലെങ്കിലും മക്കളെ സ്നേഹിക്കുവാൻ സമയമുണ്ടാകും. ഒരു സാധാരണക്കാരനായ ജീവിതപങ്കാളിയാണ് ലോകപ്രശസ്തനായ ഉസ്താദിനേക്കാൾ സൗഹൃദത്തിനുപകരിക്കുന്നത്. മിനിമം ചെലവിൽ സ്വാതന്ത്ര്യത്തോടെ എങ്ങും എവിടെയും ജീവിക്കുവാൻ കഴിയുന്ന സൗഭാഗ്യവാനാണ് സാധാരണക്കാരൻ.

പകയും വിദ്വേഷവും ചതിയും കരുനീക്കവും ഈ വിഭാഗക്കാർക്ക് എലൈറ്റ് ഗ്രൂപ്പിനേക്കാൾ കുറവാണ്. ഇരുമുഖവും അഭിനയവും അത്ര വശമില്ലാത്ത പാർട്ടീസാണിവർ. ഇവർ പറയുന്നത് വിശ്വസിക്കാം.

സുഹൃത്തേ, വാരിക്കൂട്ടിയതിന്റെ കണക്കുകൾ നിങ്ങൾക്കേറെ പറയുവാനുണ്ടാകും-നല്ലത്. എത്തിപ്പിടിക്കുവാൻ കഴിയാത്ത സൗഭാഗ്യങ്ങളെപ്പറ്റിയുള്ള നഷ്ടബോധം നിങ്ങളെ ബുദ്ധിമുട്ടിപ്പിക്കുന്നുണ്ടാകും-കഷ്ടം! സമൂഹം ആദരിക്കുന്ന വലിയൊരദ്ദേഹമായിരിക്കാം നിങ്ങൾ-ഭവോസ്തുതി! പക്ഷേ, വാഗ്ദത്തം ചെയ്തവൻ വിശ്വസ്തനാണെന്ന വിശ്വാസത്തോടെ *അതിമോഹങ്ങളില്ലാത്ത ഒരു സാധാരണ വിശ്വാസിയായി ജീവിക്കുന്നതിന്റെ സുഖം ഒന്നു വേറെതന്നെയാണെന്റെ കൂടെപ്പിറപ്പേ!*

സ്വർഗരാജ്യം സ്വന്തമായ, ഭാഗ്യവാനായ ഒരു സാധാരണക്കാരനായി ജീവിക്കുവാനും മരിക്കുവാനും വേണം ഒരു യോഗം. വരം ലഭിച്ചിട്ടുള്ളവർക്കു മാത്രമുള്ള സൗഭാഗ്യമാണിത്. ●

# മഗ്ദലന മറിയ ഒരു പുനരാവിഷ്കാരം

ഡോ. അന്നമ്മ ജോർജ്, ഇരവിപേരൂർ

വർഷങ്ങൾക്കുമുൻപ് 'ജീസസ്' എന്ന ചലച്ചിത്രം കാണാനിടയായി. അതിൽ മഗ്ദലനമറിയം യേശുവിനെ കണ്ടുമുട്ടുന്ന രംഗം രസാവഹമായിരുന്നു. യെരുശലേമിലെ തെരുവീഥിയിൽ ജനക്കൂട്ടത്തെ ഉപദേശിക്കുകയായിരുന്നു യേശു. പെട്ടെന്ന് ജനശ്രദ്ധ റോഡിലേക്കു തിരിഞ്ഞു. അതാ, ഒരു റോമാ ശതാധിപൻ തേരിൽ വരുന്നു. റോമാപടയാളിയുടെ ചാരത്ത് സർവാഭരണവിഭൂഷിതയായി ഒരു സ്ത്രീ. യേശുവിനെ കണ്ട റോമാപടയാളിക്ക് കൗതുകമുണർന്നു. യേശുവിനെ അടുത്തുകാണാൻ അയാൾ താത്പര്യപ്പെട്ടു. തേര് യേശുവിന്റെയടുത്തുതന്നെ നിർത്തി. പക്ഷേ യേശു അയാളെ ശ്രദ്ധിച്ചതായി തോന്നിയില്ല. അവിടെയിരുന്ന സ്ത്രീയെ യേശു തീക്ഷ്ണമായി നോക്കി. അവളുടെ വ്യക്തിത്വത്തിലേക്കു തുളച്ചു ചെല്ലുന്ന നോട്ടം. അർദ്ധനഗ്നയായിരുന്ന അവൾ വേഗം വസ്ത്രം ദേഹത്തു ചുറ്റി തേരിൽ നിന്നിറങ്ങി. ശതാധിപൻ അവളെ തടയാൻ ശ്രമിച്ചെങ്കിലും വകവയ്ക്കാതെ അവൾ ചാടിയിറങ്ങി യേശുവിന്റെ പാദത്തിങ്കൽ മുട്ടുകുത്തി. അവളുടെ ശരീരത്തിൽ നിന്ന് എന്തൊക്കെയോ പുറപ്പെട്ടു. ചിത്രനിർമാതാക്കൾ അവയ്ക്ക് ഇപ്രകാരം പേരു നൽകി:- ഗർവം, അസൂയ, കോപം, ആഗ്രഹം, ദുർമോഹം, ഉദാസീനത, ഭക്ഷണപ്രിയം-ഈ ഏഴു ഭൂതങ്ങൾ പുറപ്പെട്ടുപോയ സ്ത്രീ ശാന്തയായി യേശുവിന്റെ പാദത്തിങ്കൽ ഇരുന്നു. ശതാധിപൻ ദേഷ്യപ്പെട്ട് ഓടിച്ചുപോയി!!

ആ ചിത്രം എന്നിൽ പലവിധ ചിന്തകൾ ഉണർത്തി. മഗ്ദലനമറിയയിൽ നിന്നു പുറപ്പെട്ടുപോയ ഭൂതങ്ങളെ ഈ വിധത്തിൽ ചിത്രീകരിച്ചതിന്റെ അടിസ്ഥാനമെന്താണ്? അവൾ വേശ്യയായ പാപിനിയായിരുന്നുവോ? അതോ മാനസികാസ്വാസ്ഥ്യം ഉണ്ടായിരുന്ന സ്ത്രീയോ? മഗ്ദലനമറിയയെപ്പറ്റി രേഖപ്പെടുത്തിയ സുവിശേഷഭാഗങ്ങളിൽ അവൾ പാപിനിയായിരുന്നുവെന്നു പറയുന്നില്ല. സുവിശേഷങ്ങളെഴുതിയവർക്ക്, ഉയിർത്തെഴുന്നേറ്റ കർത്താവ് ആദ്യം കല്ലറയ്ക്കലെത്തിയ സ്ത്രീകൾക്കു പ്രത്യക്ഷനായി എന്ന യാഥാർത്ഥ്യം മറക്കാവുന്നതല്ല. ഈ പ്രത്യക്ഷതകൾ സംഭവിച്ച് വളരെക്കാലം കഴിഞ്ഞാണല്ലോ അതെപ്പറ്റിയെഴുതിയത്. യേശുവിന്റെ ശിഷ്യഗണത്തിൽ സ്ത്രീകൾ ഉണ്ടായിരുന്നുവെന്ന് ലൂക്കോസ് സമ്മതിക്കുന്നു. പക്ഷേ പീഡാനുഭവവും ഉയിർപ്പും വിവരിക്കുമ്പോൾ സ്ത്രീകളുടെ അനുഭവം മറച്ചുപിടിക്കുന്നതുപോലെ. പൗലോസ് പറയുന്നത്, "ആദ്യം കേഫാവിനും പിന്നെ പന്തിരുവർക്കും പ്രത്യക്ഷനായി......എല്ലാവർക്കും ഒടുവിൽ അകാലപ്രജപോലെയുള്ള എനിക്കും പ്രത്യക്ഷനായി." തീർച്ചയായും പൗലോസിന് മറ്റുള്ളവർ പറഞ്ഞുള്ള അറിവു മാത്രമേ ഉണ്ടായിരുന്നുള്ളൂ. മർക്കോസും ലൂക്കോസും റോമയിൽ പത്രോസുമായി സംഭാഷിച്ച് വിവരം ശേഖരിച്ചിട്ടുണ്ട്. ലൂക്കൊസിന്റെ സുവിശേഷത്തിൽ സ്ത്രീകൾക്കു പ്രത്യേക പരിഗണനയൊന്നുമില്ല. 'തെറ്റിപ്പിറന്ന പുരുഷപ്രജ' എന്താണ് ഗ്രീക്കു തത്ത്വജ്ഞാനികൾ സ്ത്രീയെ വിശേഷിപ്പിച്ചത്. യേശുവിന്റെ പീഡാനുഭവവും മരണവും വിവരിക്കുന്ന രംഗങ്ങളിൽ സ്ത്രീകളുടെ സാന്നിദ്ധ്യം സവിശേഷമായി വിവരിക്കുന്നില്ല. അവരുടെ സാക്ഷ്യം വെറും കഥപോലെ തോന്നിയെന്നു പറയാനും ലൂക്കോസ് മടിക്കുന്നില്ല. ലൂക്കൊസിന്റെ വിവരണത്തിൽ പതിനൊന്നു പേർക്കു ദൗത്യം നിറവേറ്റാനുള്ള കല്പനയാണ് യേശു കൊടുക്കുന്നത്. യോഹന്നാന്റെ സുവിശേഷത്തിൽ സ്ത്രീകൾക്കു കൂടുതൽ ചടുലമായ അസ്തിത്വം കാണാം. അതുകൊണ്ട് മറിയയ്ക്കു യേശു പ്രത്യക്ഷപ്പെടുന്നത് യോഹന്നാൻ വ്യക്തമായി വിവരിക്കുന്നു. സുവിശേഷങ്ങളിലും അപ്പോക്രിഫൽ പാരമ്പര്യങ്ങളിലും ജ്ഞാനവാദികളുടെ എഴുത്തുകളിലും മഗ്ദലക്കാരി മറിയയ്ക്ക് ശിഷ്യഗണത്തിൽ ഒരു നല്ല സ്ഥാനമാണു നൽകിയിട്ടുള്ളത്. ആദിമസഭയിലെ വിശ്വാസികൾ യേശു മഗ്ദലനമറിയയോട് കൂടുതൽ താത്പര്യം കാട്ടിയതായി വിശ്വസിച്ചിരുന്നു. താൻ ഉയിർത്തെഴുന്നേറ്റുവെന്ന വാർത്ത ശിഷ്യന്മാരെ അറിയിക്കാൻ മഗ്ദലനമറിയയെയാണു പറഞ്ഞയയ്ക്കുന്നത്. അവളെ 'അപ്പോസ്തലന്മാരുടെ അപ്പോസ്തലിക' എന്ന് ആധുനിക സ്ത്രീപക്ഷചിന്തകർ വിശേഷിപ്പിക്കുന്നു.

ആര് എങ്ങനെ പറഞ്ഞാലും ചലച്ചിത്രത്തിലെ ചിത്രീകരണം തികച്ചും വിചിത്രമാണ്. യേശുവിനെ അനുഗമിച്ച സ്ത്രീകളിൽ പലരെയും യേശു സൗഖ്യമാക്കിയിരുന്നു. ഒരു പക്ഷേ, മഗ്ദലക്കാരിക്കും ചില മാനസിക സംഘർഷങ്ങളുണ്ടായിരുന്നിരിക്കാം. എന്നാൽ അവളെ പരാമർശിക്കുന്ന ഒരിടത്തും മഗ്ദലനമറിയം ഒരു പാപിനിയോ വേശ്യയോ ആയിരുന്നുവെന്ന സൂചനയില്ല. ഒരു സ്ത്രീയെ മോശക്കാരിയായി ചിത്രീകരിക്കാൻ ലൈംഗികതയാണല്ലോ പ്രധാന ആയുധം. ലൂക്കൊ. 7:36-50-ൽ പറയുന്ന സ്ത്രീ മഗ്ദലനമറിയം ആയിരുന്നുവെന്നു സഭ വിശ്വസിച്ചുപോന്നു. മലയാളികളുടെ മനസ്സിൽ അതിന് അടിത്തറ പാകിയത് വള്ളത്തോൾ മഹാകവിയാണ്. എന്നാൽ മഗ്ദലനമറിയം പാപിനിയാണെന്ന് വേദപുസ്തകരേഖകളിൽ തെളിവില്ല. 'മഗ്ദല' ഗലീലക്കടലിന്റെ തെക്കേ തീരത്ത്, യോശുവ നഫ്ത്താലി ഗോത്രത്തിനു കൊടുത്ത പ്രദേശമാണ്. ആ വഴി ഒരു പ്രധാന രാജപാത മലമ്പ്രദേശത്തേക്കുണ്ടായിരുന്നു. മഗ്ദല, വാണിജ്യത്തിന്റെയും വ്യവസായത്തിന്റെയും കേന്ദ്രമായിരുന്നതുകൊണ്ട് അവിടുത്തെ ജീവിതം സംഭവബഹുലമായിരുന്നു. റോമാക്കാരുടെ ഒരു പട്ടാളവിഭാഗത്തെയും അതിനടുത്ത കഫർന്നഹൂമിൽ വിന്യസിച്ചിരുന്നതിനാൽ ഗലീലക്കടലിലെ മത്സ്യത്തൊഴിലാളികൾക്കും മലമ്പ്രദേശത്തെ കർഷകർക്കും അവരുടെ ഉത്പന്നങ്ങൾ വിറ്റഴിക്കുവാൻ പ്രയാസമില്ലായിരുന്നു. അവിടുത്തെ സമൂഹം മുഖ്യമായും യെഹൂദേതരുടേതായിരുന്നു. റോമൻ പടയാളികളുടെ വിനോദകേന്ദ്രങ്ങളും അവിടെയുണ്ടായിരുന്നു. സമ്പത്തും അവിഹിതജീവിതചര്യയും 'മഗ്ദല' ദേശത്തിന് ദുഷ്കീർത്തി നേടി. ന്യൂനപക്ഷമായ യെഹൂദന്മാർ അവിടെ താമസിക്കുന്നതിൽ അഭിമാനിച്ചില്ല. യേശുവിനെയും മഗ്ദലക്കാരിമറിയയേയും പറ്റി തൽമൂദ് എഴുത്തുകാർ പല കഥകൾ പ്രചരിപ്പിരുന്നതിനാൽ അവളെ രംഗത്തവതരിപ്പിക്കുവാൻ ആദിമസഭ ശ്രമിച്ചില്ല. മഗ്ദലക്കാരി മറിയ പാപിയായിരുന്നുവെന്നു ചിന്തിക്കുവാൻ ഈ പശ്ചാത്തലമായിരിക്കാം കാരണം.

യേശുവിന്റെ പീഡാനുഭവരംഗങ്ങളിലെല്ലാം സ്ത്രീകളാണ് അസാധാരണ ധൈര്യം പ്രകടിപ്പിച്ച് യേശുവിനെ പിന്തുടർന്നത്. തന്റെ മരണസമയത്തും അരിമത്യയിലെ യോസേഫ് യേശുവിന്റെ ശരീരം കല്ലറയിൽ അടക്കിയപ്പോഴും അവർ അരികെയുണ്ടായിരുന്നു. ഉയിർപ്പിൻ രംഗത്ത് സ്ത്രീകളെമാത്രമേ യേശു ദർശിച്ചുള്ളൂ. താൻ ഉയിർത്തെഴുന്നേറ്റ വിവരം ശിഷ്യന്മാരോടറിയിക്കാൻ സ്ത്രീകളെയാണ് നിയോഗിച്ചത്. യേശുവിന്റെ ശിഷ്യഗണത്തിൽ മഗ്ദലക്കാരിക്കു പ്രത്യേകസ്ഥാനമുണ്ടായിരുന്നു. അതുകൊണ്ട് ആദിമസഭയിൽ ഒരു പ്രശ്നം ഉയർന്നു. ജ്ഞാനവാദികളുടെ വീക്ഷണത്തിൽ മഗ്ദലക്കാരിയായിരുന്നു പത്രോസിനേക്കാൾ പ്രധാനി. പത്രോസോ, മഗ്ദലനമറിയയോ പ്രധാനി എന്ന വാദം ശക്തമായി. പത്രോസിന്റെ പക്ഷം ജയിച്ചു. മഗ്ദലനമറിയത്തെ പിൻതാങ്ങിയവരെ വിശ്വാസവിപരീതികളായി സഭയിൽനിന്നു പുറത്താക്കി. അങ്ങനെ സഭ പുരുഷമേധാവിത്വ സംസ്കാരത്തിൽ മുന്നേറി.

യേശുവിന്റെ ശിഷ്യഗണത്തിൽ സ്ത്രീകളുമുണ്ടായിരുന്നു. വി. പൗലോസ്

(ശേഷം പേജ് 16)

# CHRISTIANS *and* CORRUPTION

Corruption, like cancer, is spreading into every aspect of life. Power corrupts and absolute power corrupts absolutely. But today it is no longer confined to the corridors of power politics. It eats up the spiritual life of man and the so-called dedicated sections of society. Give us a few lakhs and we will pray for your new born child till he/she is grown up, cries out certain advertisements. Today Corruption has acquired respectability to the extent that an incorruptible person is considered as one who does not know how to live and so, not worth a penny. One is forced to swim with the current. What is corruption? It is rendering undue and unbecoming services for getting undeserving gratification. Giving undue payments to get illegitimate or even legitimate services from government offices should also be termed a corrupt practice. The so-called public servants are paid monthly from the taxpayer's money. Yet each time the taxpayer has to make additional payments to get his due share of service. The French revolution was an example of people's revolt against such corruption of the ruling class at its zenith and they celebrated the death of Louis XVI with drunken revelry. Even Christ sanctified the use of a whip to cleanse the sacred precincts of the temple from corrupt practitioners.

Where are the roots of corruption? They are where desires are, according to Buddha. The roots of corruption are buried deep in one's insatiable urge crying out: not enough, not enough and seeking one's bliss in acquiring more and more of worldly possessions. This was the temptation Adam and Eve faced in paradise and Christ in the desert. Our first parents fell, Christ didn't. Such temptations will be there always. Christ showed how to overcome it. All through life's journey, man is constantly offered the forbidden fruit, for him to taste and see. Like Eve, often he is tempted to take a bite just to get an experience and is caught. Here is the relevance of the church to show the way. Christ was crucified for pointing his finger at the corrupt religious leaders. Accused of being a blasphemer, he was crucified. This history constantly gets repeated.

Life is a constant exercise of choosing between what leads to life or death. ***The devil never sleeps, but sings sweet lullabies in every ear. Individuals, communities and churches are often put to sleep by those lullabies.*** To swim with the current comes natural to all. One who refuses to do it would be considered a rebel or an insane out of tune with the goings on. True, institutions were started for the purpose of serving man for a heavenly cause. But soon compromises had to be made in the name of growth, progress and efficiency. Not to grow is to get destroyed. Compulsions of the market and management science dictate to make a minimum of twenty percent growth every year. How to make this growth possible? Only through accumulating money and wealth. How to get this money easily? You get it from those who need the services of these institutions. So get it from teachers seeking appointment, even if they are forced to sell the only plot they live on to raise the required amount. With that money you whitewash the school and let the teacher teach the gospel of mammon free to students. And the world gets baptised with the spirit of darkness and the church rejoices in the thought of serving the needy.

Have you any doubt that this is not what is happening? Think of the ongoing struggle for first places and positions of power even in ecclesiastical circles? Did they learn this art from power-hungry politicians or did the politicians learn it from the Church? That is why the Bible asks: What use gaining the whole world, if it is to lose your soul? The mission of the Church is to keep alive the relevance of this question. But in the zealous search for the conquest of this world, has not the Church forfeited its soul? Is the cross of Christ something to be worn or borne?

There are no clear statistics about corruption among Christians to make a scientific comparison with other communities. But if one were to look at the number of inmates in our jails, Christians were second to none. Even those who thought they were clean should examine and see what they do to get an admission for a child, to get a job or a service done from the Church or society, for example, from the income-tax department, electricity office, RTO office, Water Authority, housing department, in short, in every official and private dealing with others. Don't they always go through channels of influence offering favours to get favours done whether due or undue? How many ever open their mouth against the ongoing corruption around? Sri P. C. Cyriac, the Director of Jeevan TV and formerly an IAS officer, had to seek premature retirement due to his inability to submit to corrupt practices. In States like Bihar and Tamilnadu,was hard for incorruptible officers to survive, he said. Some of his suggestions are:- Prevention is better than cure. Spread education to make people vigilant. Routine things should be made to happen in a routine manner at all levels starting from the Panchayat, Taluk and District levels without waiting for phone calls from the concerned Minister. This means enforcing subsidiarity, besides following rules and procedures because either there must be fear of punishment or the love of God to improve the quality of life. ***Only by cleansing politics can the people be freed from the clutches of corruption. Much would depend on the quality of political heads of State. At the bottom level the brunt of the task must be borne by parents, teachers and the TV channels.***

***(indebted)***

# വാർദ്ധക്യം കുതിപ്പും കിതപ്പും

പ്രൊഫ. സി. മാമച്ചൻ, മാർത്തോമാ കോളജ്, തിരുവല്ല

**വയോജനങ്ങളിൽ ഏറിയപങ്കും നരകതുല്യമായ ജീവിതമാണു നയിക്കുന്നത്. ഭക്ഷണമോ വസ്ത്രമോ അല്ല അവരുടെ പ്രശ്നം. അറിയാനും അംഗീകരിക്കപ്പെടാനും വെമ്പൽ കൊള്ളുന്ന ഒരു മനസ്സ് അവർക്കുണ്ട്. പൂർത്തീകരിക്കപ്പെടാത്ത പ്രസ്തുത അഭിലാഷങ്ങളുടെ മുമ്പിൽ ശരീര മനസ്സുകൾക്കുള്ള ബലം പോലും ചോർന്നു പോകുന്നു.**

വൃദ്ധജനങ്ങളുടെ സമീപനത്തിലുള്ള വ്യതിയാനം കൊണ്ടു മാത്രം ജീവിതത്തിന്റെ സായംസന്ധ്യയിൽ മധ്യാഹ്നസൂര്യനെ ഉദിപ്പിക്കാനാവില്ല. യൗവനത്തിലെ ഉറച്ചുപോയ ശീലങ്ങളിൽ നിന്നും മനോഭാവങ്ങളിൽ നിന്നും അനായാസം പുറത്തു കടക്കാനുള്ള വയോജനങ്ങളുടെ അപ്രാപ്തിയാണ് മുഖ്യപ്രശ്നം. പുത്തൻ സാഹചര്യങ്ങളോടു ഇണങ്ങിച്ചേരാനുള്ള കഴിവിന്റെ നിരക്ക് വൃദ്ധജനങ്ങളിൽ കുറവായിരിക്കും. അതുകൊണ്ടുതന്നെ, വീട്ടിലും പുറത്തും ഉദാരപൂർവമായ ഇടപെടലിന് യുവജനങ്ങൾ തയാറാകേണ്ടതാണ്.

കേരളത്തിൽ പെൻഷൻ പ്രായം അമ്പത്തഞ്ചാണ്. ഗൾഫ് നാടുകളിൽ ജോലി ചെയ്തവർ അമ്പത്തഞ്ചിനു മുമ്പ് നാട്ടിലെത്തുന്നു. അനുഭവങ്ങളുടെ ആധിക്യം, ഗുണനിലവാരമുള്ള കർമശേഷി എന്നിവകളാൽ സമ്പന്നമായ ഈ പ്രായക്കാരെ സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്നും കർമമണ്ഡലത്തിൽ നിന്നും ഒഴിച്ചു നിർത്തുന്നത് ഔചിത്യപൂർണമല്ല. മനുഷ്യവിഭവശേഷിയെ പരമാവധി ഉപയോഗിക്കാനുള്ള വഴികളാണ് തേടേണ്ടത്. വൈദ്യശാസ്ത്രം ആയുർദൈർഘ്യം നീട്ടിക്കൊടുത്ത സാഹചര്യത്തിൽ ഒന്നും ചെയ്യാനില്ലാതെ എല്ലായിടത്തു നിന്നും ഒഴിവാക്കപ്പെടുന്നതു കഷ്ടതരമാണ്. മുതിർന്ന പൗരന്മാരുടെ സേവനം സമൂഹത്തിനു ലഭിക്കത്തക്കവിധം അവരെ ഉൾക്കൊള്ളാനുള്ള സന്മനസ് യുവജനങ്ങൾ കാട്ടേണ്ടതാണ്. ഔദ്യോഗികരംഗവുമായി ബന്ധപ്പെട്ടു നേടിയ അറിവുകളും അനുഭവങ്ങളും പ്രതിഫലം കൂടാതെ സമൂഹത്തിനു നൽകാൻ അവർ തയാറായിരിക്കും. ഇത്തരത്തിലുള്ള മുതിർന്ന പൗരന്മാരുടെ സമിതികൾ കാര്യക്ഷമമായി പ്രവർത്തിക്കുമെങ്കിൽ നാടിന്റെ മുഖച്ഛായ തന്നെ മാറും. ഗതാഗതം, കൃഷി, റോഡ്, ജലം, വിദ്യാഭ്യാസം, ചികിത്സാരംഗം ഈ വകുപ്പുകളിലൊക്കെ പ്രവർത്തിച്ച മുതിർന്ന തലമുറയുടെ സേവനം നാടിനു ലഭിക്കുന്നുവെങ്കിൽ അതൊരു അനുഗ്രഹം തന്നെയാണ്. പ്രതിഫലേച്ഛ കൂടാതെ വിശ്വസ്തരായി പ്രവർത്തിക്കുന്നവരെയാണു നാടിനാവശ്യം. അവരെ അംഗീകരിക്കുകയും ഉൾക്കൊള്ളുകയും ചെയ്യുന്നതിലൂടെ അവരുടെ കർമശേഷിയും ആത്മവിശ്വാസവും ശക്തിപ്പെടും.

സാമൂഹികജീവിയെന്ന നിലയിൽ മനുഷ്യൻ പരാശ്രിതനാണ്. ഈ പരാശ്രിതത്വം മൂർദ്ധന്യത്തിലെത്തുന്നത് വാർദ്ധക്യത്തിലും. ശൈശവ ബാല്യങ്ങളിലെ പരാശ്രയം അനിവാര്യവും അബോധപൂർവവുമാണ്. അതിനാൽ മാനസികത്തകർച്ചയ്ക്കും തളർച്ചയ്ക്കും കാരണമാകുന്നില്ല. 'ഇന്നലെ വരെ സാധിച്ച കാര്യങ്ങൾ ഇന്നെനിക്കു സാധിക്കുന്നില്ല' എന്ന ചിന്ത വയോജനങ്ങളിൽ ഉത്കണ്ഠയും ഭയാശങ്കകളും വളർത്തുന്നു. 'എന്റെ കഴിവെല്ലാം കെട്ടുപോയി' എന്ന നിഗമനത്തിൽ എത്തിച്ചേർന്ന് സ്വയംനിന്ദയ്ക്കും വിഷാദരോഗത്തിനും വിധേയരായേക്കാം. ഇത്തരം വേളകളിൽ യുവത്വത്തിന്റെ സാന്നിധ്യവും സാമീപ്യവും സാന്ത്വനവും വയോജനങ്ങളിൽ ആത്മവിശ്വാസം വളർത്താനുപകരിക്കുന്നു. ചുറ്റുപാടുകളുടെ എതവഗണനയേയും അനായാസം തള്ളിക്കളയാൻ യുവത്വത്തിനു കെല്പുണ്ടായിരുന്നു. വാർദ്ധക്യത്തിലെത്തുമ്പോൾ അവഗണന അസഹനീയമാകുന്നു. ശാരീരികവും മാനസികവുമായ തളർച്ചയുടെ ഘട്ടത്തിൽ 'ആരും എന്നെ അംഗീകരിക്കുന്നില്ല' എന്നു കൂടി തോന്നിയാൽ ഭാവിയെപ്പറ്റിയുള്ള ആശങ്കകൾ ശതഗുണീഭവിക്കും. ഇതിൽ നിന്നും കരകയറ്റാനുള്ള ഏക പോംവഴി 'ആത്മവിശ്വാസ'മാണ്. എന്തൊക്കെയുണ്ടെങ്കിലും, ഏറ്റവും പ്രിയപ്പെട്ടവരുടെ സാന്നിധ്യവും സാമീപ്യവും ഉറപ്പാക്കുകയാണ് ആത്മവിശ്വാസം വളർത്താനുള്ള ഏക പോംവഴി. ബാങ്കിലെ സ്ഥിരംനിക്ഷേപവും അൽസേഷൻ നായും മുള്ളുകമ്പി പിടിപ്പിച്ച മതിൽക്കെട്ടും സുരക്ഷിതത്വബോധം തരില്ല. എന്റെ ഏതാവശ്യങ്ങളിലും അവർ എന്നോടൊപ്പം ഉണ്ടായിരിക്കുമെന്ന ഉറപ്പാണ് സുരക്ഷിതത്വത്തിനും ആത്മവിശ്വാസത്തിനും അടിസ്ഥാനം. ഇത്തരം ബോധം വയോജനങ്ങളിൽ വളർത്തുന്നതിനുള്ള ബോധപൂർവമായ ശ്രമം യുവജനങ്ങളുടെ പക്ഷത്തു നിന്നുണ്ടാകേണ്ടതാണ്.

'മക്കൾ എല്ലാക്കാര്യവും എന്നൊടാലോചിക്കുമെന്നും എന്നെ അറിയിക്കാതെ അവരൊന്നും ചെയ്യില്ല' എന്നും പറയുന്നിടത്ത് വയോജനങ്ങൾക്ക് ആയിരം നാവാണ്. പലർക്കും ലഭിക്കാത്ത ഒരു പദവിയാണ് തനിക്കു ലഭിച്ചിരിക്കുന്നതെന്ന ബോധ്യവും ജീവനു തുല്യം സ്നേഹിക്കുന്ന മക്കളാണ് തനിക്കുള്ളതെന്ന വിശ്വാസവുമാണ് ഇത്തരം വാക്കുകൾക്കടിസ്ഥാനം. എല്ലാത്തരം അവശതകൾക്കും ഉത്തേജകമരുന്നാണ് ഇത്തരം ധാരണകൾ. പുറംവർത്തമാനങ്ങളറിയാൻ വഴിയില്ലാതെ, വീട്ടിൽ വരുന്ന അതിഥികളെ കാണാനോ സംസാരിക്കാനോ അവസരം കിട്ടാതെ, കാറ്റും വെളിച്ചവും കടക്കാത്ത മുറിയിൽ രാപ്പകലുകൾ തള്ളിനീക്കുന്ന വയോജനങ്ങളിൽ ഏറിയപങ്കും നരകതുല്യമായ ജീവിതമാണു നയിക്കുന്നത്. ഭക്ഷണമോ വസ്ത്രമോ അല്ല അവരുടെ പ്രശ്നം. അറിയാനും അംഗീകരിക്കപ്പെടാനും വെമ്പൽ കൊള്ളുന്ന ഒരു മനസ്സ് അവർക്കുണ്ട്. പൂർത്തീകരിക്കപ്പെടാത്ത പ്രസ്തുത അഭിലാഷങ്ങളുടെ മുമ്പിൽ ശരീര മനസ്സുകൾക്കുള്ള ബലം പോലും ചോർന്നു പോകുന്നു. മക്കളുടെ വാക്കും നോട്ടവും ചെയ്തിയുമെല്ലാം വയോജനങ്ങളുടെ സകല പ്രതീക്ഷകളെയും തകർത്തുകളയുന്നു.

പ്രതിമാസം 35,000 രൂപയിലധികം വരുമാനമുള്ള ഒരു ഭവനത്തിൽ ചെന്നപ്പോഴുണ്ടായ അനുഭവം ഓർമയിലുണ്ട്. ആ വീട്ടിലെ പിതാവ് മരിച്ചുപോയി. മാതാവിനെ സന്ദർശിക്കാനാണു ഞാൻ ചെന്നത്. പന്ത്രണ്ടുലക്ഷം രൂപ മുടക്കി പണിതീർത്ത വീടിന്റെ വിവിധ ഭാഗങ്ങൾ കാട്ടിത്തന്നുകൊണ്ട് വളരെ വാചാലമായി അവരുടെ മകൻ സംസാരിച്ചു. അമ്മച്ചിയെവിടെയെന്നു ചോദിച്ചപ്പോൾ ചെറുമകൻ പോയി പുറകിലത്തെ മുറിയിൽ നിന്നു വിളിച്ചുകൊണ്ടുവന്നു. കൂനിപ്പിടിച്ചൊരു കൊച്ചുരൂപം. 'കുടുംബസ്വത്ത് ഭാഗം വച്ചപ്പോൾ കിട്ടിയത് ഇതു മാത്രമാണ്', അമ്മയെച്ചൂണ്ടി അസഹിഷ്ണുതയോടെ മകൻ പറഞ്ഞ വാക്കുകളിങ്ങനെ. എല്ലാവരും കയ്യൊഴിഞ്ഞ അമ്മയുടെ ചുമതല ഏറ്റെടുക്കേണ്ടി വന്നതിലുള്ള അമർഷവും നഷ്ടബോധവും അയാളുടെ സംഭാഷണത്തിലുടനീളം പ്രകടമായിരുന്നു. കടമ്മനിട്ടയുടെ രണ്ടു വരികൾ അപ്പോൾ ഓർമയിൽ ഓടിയെത്തി: ***'നിങ്ങളോർക്കുക നിങ്ങളെങ്ങനെ നിങ്ങളായെന്ന്.'***

# കഥയില്ലാത്ത അല്പം ചില്ലറക്കാര്യങ്ങൾ



ഡോ. കെ. വി. വർഗീസ്

## ജമാലുദിനും ജോസ് ഫയൽമാനും

ചാക്കോച്ചിയാണ് വരാനിരിക്കുന്ന ആ മഹാത്ഭുതത്തെപ്പറ്റി ആദ്യമായി സൂചന നൽകിയത്. മല്ലയുദ്ധപ്രവീണരായ ജമാലുദീനും പോനും തമ്മിൽ സ്കൂളിനു മുന്നിലുള്ള മൈതാനത്ത് മത്സരം നടക്കുവാൻ പോകുന്നു. വിദ്യാർത്ഥികൾക്ക് ഒരു രൂപാ നിരക്കിൽ മത്സരം കാണാം. ഗുസ്തിമത്സരത്തെപ്പറ്റി ഒന്നും തന്നെ ഞങ്ങൾക്കറിയില്ലായിരുന്നു. മൽപ്പിടുത്തത്തെപ്പറ്റി കേട്ടിട്ടുണ്ടെങ്കിലും കണ്ടിട്ടില്ല. മത്സരം കണ്ട് നിർവൃതി നേടണമെന്ന് ഞങ്ങളെല്ലാവരും തീരുമാനിച്ചു. അതിനു പ്രേരകമായത് ചാക്കോച്ചി നൽകിയ രസകരമായ വിവരണങ്ങളായിരുന്നു. ഞങ്ങൾ പലരേക്കാൾ മൂന്നു വയസ്സെങ്കിലും കൂടുതലുണ്ടായിരുന്നു ചാക്കോച്ചിയ്ക്ക്. ചില ക്ലാസ്സിൽ ഒന്നിലധികം വർഷം പഠിക്കാൻ ഭാഗ്യമുണ്ടായതുകൊണ്ടാണ് ചാക്കോച്ചി സീനിയർ സിറ്റിസണായി ക്ലാസ്സിൽ വിലസിയത്. അത്രയെളുപ്പം ആർക്കും കീഴ്വഴങ്ങാത്ത പ്രകൃതം. ധൈര്യശാലി. എവിടെയും വാചകമടിച്ച് സ്ഥാനം പിടിച്ചുപറ്റുന്നവൻ.

ചങ്ങനാശ്ശേരിലുള്ള ഒരു ബന്ധുഗൃഹത്തിൽ ഇടയ്ക്കിടെ പോകുമായിരുന്ന ചാക്കോച്ചി ധാരാളം കഥകളുമായിട്ടാവും മടങ്ങിവരുക. കണ്ടതും കേട്ടതുമായ കാര്യങ്ങൾ പൊടിപ്പും തൊങ്ങലും വച്ചു പറയുന്നതിൽ അവൻ വിരുതനായിരുന്നു. ആരെങ്കിലും എന്തെങ്കിലും സംശയമുന്നയിച്ചാൽ ഉത്തരം റെഡി. അതുകൊണ്ട്, പൊടിച്ചട്ടമ്പിയാണെങ്കിലും അച്ചൻപട്ടത്തിനു യോഗ്യനാണെന്ന് മുതിർന്ന കുട്ടികൾ തീർപ്പു കല്പിച്ചു. അങ്ങനെയല്ലാത്തവർക്ക് ചട്ടമ്പിത്തരം കാണിക്കുന്ന ചില സഭാസ്നേഹികളെയും എല്ലാ അടവുകളും പയറ്റിത്തെളിഞ്ഞ പരിശുദ്ധപിതാക്കന്മാരെയും എങ്ങനെ കൈകാര്യം ചെയ്യാനാവുമെന്നാണ് അവർ ചോദിച്ചത്. എന്നാൽ ഇക്കാര്യത്തിൽ ഞങ്ങൾക്ക് അനുകലമായോ പ്രതികൂലമായോ അഭിപ്രായമുണ്ടായിരുന്നില്ല. മറ്റു പല കാരണങ്ങൾ കൊണ്ടാണ് ജൂണിയർ വിദ്യാർത്ഥികൾ ചാക്കോച്ചിയെ ഇഷ്ടപ്പെട്ടത്. സിനിമ ലോകത്തിലേക്കുള്ള ഞങ്ങളുടെ ജാലകം ചാക്കോച്ചിയായിരുന്നു. മലയാള സിനിമ അന്ന് ഇറങ്ങിത്തുടങ്ങിയിട്ടേയുള്ളു. തിയേറ്ററുകളിൽ വരാറുണ്ടായിരുന്നത് തമിഴ്പടങ്ങളും അപൂർവമായി ഹിന്ദി ചിത്രങ്ങളുമായിരുന്നു. ത്യാഗരാജഭാഗവതരുടെയും ടി. ആർ. മഹാലിംഗത്തിന്റെയും ടി. ആർ. രാജകുമാരിയുടെയും അശോക് കുമാറിന്റെയും ദിലീപ്കുമാറിന്റെയുമൊക്കെ അഭിനയപാടവത്തെ ചാക്കോച്ചി പുകഴ്ത്തിപ്പറയുമ്പോൾ കാണാൻ സാധിച്ചില്ലെങ്കിലും കേൾക്കാൻ ഭാഗ്യമുണ്ടായല്ലോയെന്നു ഞങ്ങൾ ആശ്വസിക്കും. അവൻ തന്നെയാണ് ഗുസ്തിക്കാരായ ജമാലുദിനെയും പോൻ എന്ന എതിരാളിയെയും ഞങ്ങൾക്കു പരിചയപ്പെടുത്തിയത്. അവരെ ഒരു നോക്കു കാണാൻ പ്രതിഫലമായി നൽകേണ്ടത് ഒരു രൂപ മാത്രം!

ചാക്കോച്ചിയുടെ ജ്യേഷ്ഠൻ ജോസിന് മൽപ്പിടുത്തത്തിൽ വലിയ കമ്പമായിരുന്നു. മട്രിക്കുലേഷൻ പൂർത്തിയാക്കുന്നതിനു മുമ്പ് സ്കൂളിനോടു വിട പറഞ്ഞ ജോസ് ഒരു നല്ല കായികാഭ്യാസിയായിരുന്നു. കറുത്ത നിറമെങ്കിലും വടിവൊത്ത ശരീരം. ദൃഢമായ മാംസപേശികൾ. ചിലപ്പോഴൊക്കെ ഇട്ടുതടി പോലെയുള്ള ഒരു സാധനം കയ്യിൽ ചുഴറ്റി വ്യായാമം ചെയ്യുന്നതു ഞങ്ങൾ കണ്ടിട്ടുണ്ട്. ജോലിയില്ലാതിരുന്നത് ജോസിനെ വല്ലാതെയലട്ടി. പട്ടാളത്തിൽ ചേരണമെന്നായിരുന്നു മോഹം. പക്ഷേ രണ്ടാം ലോകമഹായുദ്ധം തീർന്നിരുന്നതിനാൽ ഉള്ളവരെത്തന്നെ പിരിച്ചുവിടുന്ന ഒരു കാലയളവായിരുന്നു അത്. ഈ ചുറ്റുപാടിലാണ് ജോസ് ഗുസ്തി അഭ്യസിക്കുവാൻ തീരുമാനിച്ചത്. അതുമൂലം ജോലി ലഭിക്കില്ലെങ്കിലും മനസ്സിനെങ്കിലും സന്തോഷമാവട്ടെയെന്നു കരുതി. ഒരു ദിവസം സ്കൂൾ വിട്ട ശേഷം ഞങ്ങൾ മടങ്ങുകയായിരുന്നു. കുടിച്ചു വെളിവില്ലാതെ 'ഊച്ചാളി വാസു' റോഡിന്റെ നടുവിൽ നിൽക്കുന്നു. എല്ലാവരെയും അയാൾ വെല്ലുവിളിക്കുകയാണ്. ആരെയും കടത്തിവിടില്ല. സമനില തെറ്റുമ്പോൾ എന്തിനും മടിക്കാത്ത അവന്റെ കഴിഞ്ഞ കാല ചരിത്രമറിയാവുന്നവർ പകച്ചുനിന്നു. അപ്പോഴാണ് ജോസ് അവിടെയെത്തുന്നത്. ജോസിനെക്കണ്ട് വാസു വീണ്ടും പോർവിളി തുടങ്ങി. അക്ഷോഭ്യനായി അടുത്തു ചെന്ന ജോസ് ഞൊടിയിടയിൽ വാസുവിനെ തൂക്കിയെടുത്ത് ഉഴുതുമറിച്ചിട്ടിരുന്ന ഒരു പാടത്തിലേക്കു വലിച്ചെറിഞ്ഞു. ചെളിയിൽ താണു പൊങ്ങിയ ഊച്ചാളി വാസു പിന്നീടു ബഹളം വച്ചില്ല. ഒന്നും സംഭവിച്ചില്ലെന്ന മട്ടിൽ വെള്ളമൊഴുകുന്ന തോട്ടിലിറങ്ങി കുളിച്ചു ശുദ്ധനായി സ്ഥലം

*(ശേഷം പേജ് 18)*

## മഗ്ദലന മറിയ ... (തുടർച്ച)

ഗലാ: 3:28–ൽ ക്രിസ്തുവിൽ സ്ത്രീപുരുഷ വിവേചനമില്ലെന്നു സമർത്ഥിക്കുന്നു. ക്രിസ്തുസഭയിൽ സ്ത്രീകൾക്കുണ്ടായിരിക്കേണ്ട സ്വാതന്ത്ര്യവും ചുമതലയും നിഷേധിക്കുന്നവർ മേൽപ്പറഞ്ഞ പ്രമാണം ലംഘിക്കുകയാണ്. ഒഴിഞ്ഞ കല്ലറയും ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിനെയും ആദ്യം കണ്ട മഗ്ദലക്കാരി മറിയയെ പടിയ്ക്കപ്പുറത്ത് അകറ്റിനിർത്തിയ സഭയുടെ പാപം ചോദ്യം ചെയ്യപ്പെടാതിരിക്കുമോ? മഗ്ദലനമറിയത്തെപ്പറ്റി അപ്പോക്രിഫൽ ഗ്രന്ഥങ്ങളിൽ ധാരാളം പരാമർശങ്ങളുണ്ട്. നിരവധി രചനകളിൽ നിന്നു ആധികാരിക ഗ്രന്ഥങ്ങൾ കാനോനിൽ ചേർക്കാൻ തിരഞ്ഞെടുത്തപ്പോൾ മഗ്ദലനമറിയയെപ്പോലുള്ള സ്ത്രീകളുടെ സേവനം വിവരിക്കുന്ന ഭാഗങ്ങൾ തിരസ്കരിച്ചതിൽ അത്ഭുതപ്പെടാനില്ല. മഗ്ദലക്കാരി മറിയ ഒരു യെഹൂദസ്ത്രീയായിരുന്നു. നസ്രായനായ യേശുവിനെ അനുഗമിച്ചവരിൽ ഒരാളാണ് അവളെന്നു സുവിശേഷങ്ങളിൽ കാണുന്നു. യേശുവിന്റെ മരണാനന്തരം ആദ്യകാല ക്രിസ്തീയ പ്രസ്ഥാനത്തിൽ അവൾ നേതൃത്വം വഹിച്ചിരുന്നു. പാശ്ചാത്യസഭയുടെ ലിറ്റർജിയിൽ, മഗ്ദലനമറിയം ശിമോന്റെ ഭവനത്തിൽ യേശുവിന്റെ കാൽ കണ്ണീരിൽ കഴുകി പരിമളതൈലം പൂശിയതായും ചിത്രീകരിക്കുന്നു. യേശുവിനോടുള്ള അസാധാരണമായ ഭക്ത്യാദരവുകൾ മൂലം മഗ്ദലനമറിയം വിശുദ്ധമതിയായി കരുതപ്പെടുന്നു. മാത്രമല്ല, ഫെമിനിസ്റ്റ് ചിന്തകരുടെ അഭിപ്രായത്തിൽ അവൾക്ക് അപ്പോസ്തലിക അധികാരവുമുണ്ട്. ആദിമസഭയിൽ അവളുടെ വ്യക്തിത്വം മാതൃകാനായികയുടേതാണ്. ആദിമസഭയിൽ വനിതകൾക്ക് കാര്യമായ നേതൃത്വം ഉണ്ടായിരുന്നുവെന്നാണ് സ്ത്രീഭാവചിന്തകരുടെ അഭിപ്രായം. ആ ചിന്താഗതിയിൽക്കൂടി ശക്തിഹീനരെയും ദരിദ്രരെയും അടിച്ചമർത്തപ്പെട്ടവരെയും പൂർണമനുഷ്യത്വത്തിലേക്കു നയിക്കുന്ന പ്രക്രിയയാണ് യേശുവിൽക്കൂടി ലഭിച്ച രക്ഷ. കവിതയെഴുതുന്നവർക്കും ചലച്ചിത്രനിർമാതാക്കൾക്കും യഥേഷ്ടം കൈകാര്യം ചെയ്യാവുന്ന ഒരു കഥാപാത്രമായാണ് പുരുഷമേധാവിത്വലോകം മഗ്ദലനമറിയയെ അവതരിപ്പിച്ചത്. പക്ഷേ യഥാകാലങ്ങളിൽ അവളെ ശരിയായും അവതരിപ്പിച്ചിട്ടുണ്ട്. മഹാനായ ലിയോ മാർപ്പാപ്പ "മഗ്ദലനമറിയം സഭയുടെ പ്രതീകമാണ്" എന്നു വിശേഷിപ്പിച്ചിരുന്നു. ഗ്രിഗറി മാർപ്പാപ്പ ഒരു നൂറ്റാണ്ടിനുശേഷം മറിയയെ 'another Eve who announces not death but life' എന്നു വിശേഷിപ്പിച്ചു. ഏതു കാഴ്ചപ്പാടിലൂടെ മഗ്ദലനമറിയയെ നാം വീക്ഷിച്ചാലും 'ഞാൻ കർത്താവിനെ കണ്ടു' എന്നു പറയുന്ന അനുഭവം നമുക്കു കൈവരും. ●



# വിശ്വാസത്തിലേക്കു വീണ്ടും

ജോർജ് ബഹനാൻ ടി.
(കൺസൾട്ടൻറ് കൗൺസലർ & തെറാപ്പിസ്റ്റ്, തിരുവനന്തപുരം)

ടെന്നസിയിലെ ഒരു പാവപ്പെട്ട കുടുംബത്തിലെ ഇരുപത്തിരണ്ടു മക്കളിൽ ഇരുപതാമത്തേതായി അവൾ ജനിച്ചു. നാലാമത്തെ വയസ്സിൽ കഠിനമായ ന്യൂമോണിയയും സ്കാർലറ്റ് ഫീവറും അവളെ പിടികൂടി. ഇടതുകാൽ തളർന്നുപോയ അവൾ ഒരു കൃത്രിമക്കാലിന്റെ സഹായത്തോടെ നടന്നുതുടങ്ങി. അവളുടെ ഏകയാശ്രയം അമ്മ മാത്രമായിരുന്നു. ഒൻപതു വയസ്സായപ്പോൾ കൃത്രിമക്കാലിന്റെ സഹായമില്ലാതെ നടക്കാൻ തുടങ്ങി. അത് ഡോക്ടർമാരെ അത്ഭുതപ്പെടുത്തി. ലോകത്തിലെ ഏറ്റവും വേഗം കൂടിയ ഓട്ടക്കാരിയാകണമെന്ന ആഗ്രഹം അവൾക്കുണ്ടായി. പതിമൂന്നാമത്തെ വയസ്സിൽ അവൾ മത്സരങ്ങളിൽ പങ്കെടുത്തു. ഒന്നിലും വിജയിച്ചില്ല. എല്ലാവരും അവളെ നിരുത്സാഹപ്പെടുത്തി. ഒരു ദിവസം സ്കൂളിൽ അവൾ ഓട്ടത്തിൽ ഒന്നാമതായി. അവൾ ടെന്നസിയിലെ സ്റ്റേറ്റ് യൂണിവേഴ്സിറ്റിയിൽ ചേർന്നു. എഡ്റ്റെമ്പിൾ എന്ന കോച്ച് അവളുടെ വിശ്വാസത്തെയും തളരാത്ത മനസ്സിനെയും കണ്ടെത്തി അവളെ പരിശീലിപ്പിച്ചു. ഒളിംബിക്സിൽ പങ്കെടുത്ത ഇവളാണ് മൂന്നു സ്വർണ മെഡലുകൾ നേടിയ വിൽമാറഡോൾഫ്, വിശ്വാസത്തിന്റെയും ആത്മധൈര്യത്തിന്റെയും പ്രതീകം.

വിശ്വാസത്തകർച്ചയാണ് ഈ കാലഘട്ടത്തിന്റെ ശാപം. അത് വ്യക്തികളെയും, രാജ്യത്തെ പൊതുവെയും, ബാധിച്ചുകഴിഞ്ഞു. മഴയ്ക്കു വേണ്ടി പ്രാർത്ഥിക്കാൻ ഒരുമിച്ചു കൂടിയവരോടു പട്ടക്കാരൻ പറഞ്ഞു: "സഹോദരീസഹോദരങ്ങളെ, നാം മഴയ്ക്കു വേണ്ടി പ്രാർത്ഥിക്കാൻ ഇവിടെ കൂടിയിരിക്കുന്നു. ഒരു പ്രധാന കാര്യം ഞാൻ ചോദിക്കട്ടെ. നിങ്ങൾ എന്തുകൊണ്ട് കുട കൊണ്ടുവന്നില്ല." എല്ലാവരും പരസ്പരം നോക്കി. പ്രശ്നം വിശ്വാസത്തിന്റെ അഭാവം! നമ്മുടെ ജീവിതത്തിലും ഇതു സംഭവിച്ചുകൊണ്ടിരിക്കുന്നു.

എന്താണീ വിശ്വാസം എന്ന ചോദ്യത്തിന് ഇന്നു പ്രസക്തിയില്ല. നിങ്ങൾക്ക് വിശ്വാസമുണ്ടോ എന്ന ചോദ്യത്തിനേ പ്രസക്തിയുള്ളൂ. ഈ ലോകത്തിൽ നമ്മൾ ചെയ്യുന്ന എല്ലാ പ്രവൃത്തിയുടെയും ഏറ്റവും പ്രധാനപ്പെട്ട 'സോഫ്റ്റ് വെയറാ'ണ് വിശ്വാസം. ഈ ലോകം മുന്നോട്ടു പോകുന്നതുതന്നെ വിശ്വാസത്തിലാണ്. നിങ്ങൾ കയറുന്ന ബസ്സ് ലക്ഷ്യസ്ഥാനത്തെത്തുമെന്ന വിശ്വാസം നിങ്ങൾക്കുണ്ട്. ഡ്രൈവറിലുള്ള നിങ്ങളുടെ നൂറു ശതമാനം വിശ്വാസമാണത്. ബസ്സിൽ കയറാൻ നിങ്ങളെ പ്രേരിപ്പിക്കുന്ന ശക്തി ആ വിശ്വാസം തന്നെ. വിശ്വാസവും പ്രവൃത്തിയും തമ്മിലുള്ള ബന്ധത്തിലാണ് വിശ്വാസത്തിന്റെ മനഃശാസ്ത്രം ശക്തമാകുന്നത്. വിശ്വാസത്തിന്റെ കുറവ്, അല്ലെങ്കിൽ അഭാവം, ജീവിതത്തെ താറുമാറാക്കും. അത് മനുഷ്യനെ മാനസികരോഗങ്ങളിലേക്കു നയിക്കും. വിശ്വാസത്തിന്റെ മനഃശാസ്ത്രവശങ്ങളെ സാധാരണക്കാർക്കു മനസ്സിലാക്കിക്കൊടുക്കാൻ നോർമൻ വിൻസന്റ് പീലിന്റെ Power of positive thinking തുടങ്ങി അനേകം പുസ്തകങ്ങൾക്കു സാധിച്ചിട്ടുണ്ട്.

ആശയങ്ങളും അഭിപ്രായങ്ങളും തത്ത്വസംഹിതകളും രക്തസാക്ഷികളെ സൃഷ്ടിച്ചിട്ടില്ല. വിശ്വാസമാണ് രക്തസാക്ഷികളെ സൃഷ്ടിച്ചിട്ടുള്ളത്. വിശ്വാസം ഒരു ഊർജ്ജമാണ്, വിറ്റാമിൻ സി പോലെ! രാഷ്ട്രീയക്കാരന് അണികളെ പാർട്ടിയിൽ നിലനിർത്താൻ ധാരാളം പൊടിക്കൈകളുണ്ട്. ഹർത്താൽ, ജാഥ, സമരം, മനുഷ്യച്ചങ്ങല തുടങ്ങി ഒരു ദേശീയ ബന്ദ് വരെയും. വിശ്വാസത്തിന്റെ മനഃശാസ്ത്രവശം അവർ സമർത്ഥമായി ഉപയോഗിക്കുന്നു. വിശ്വാസം കാടുകയറിയാൽ വ്യക്തികളെ മനഃശാസ്ത്രപരമായ അടിമത്വത്തിലേക്ക് നയിക്കും. സമകാലീന ചരിത്രം അതാണു തെളിയിക്കുന്നത്. വിശ്വാസം മുതലെടുത്ത് വ്യക്തികളെ മാനസികമായി അടിമകളാക്കി ദിവ്യന്മാർ മുക്കിലും മൂലയിലും പ്രത്യക്ഷപ്പെടുന്നത് നാം കാണുന്നു. അവരുണ്ടാക്കുന്ന ആരാധനാലയങ്ങൾ വിശ്വാസികളെ സൃഷ്ടിച്ച് പണമുണ്ടാക്കുന്നു. പുതിയ വിശ്വാസപ്രമാണങ്ങൾ സൃഷ്ടിക്കപ്പെടുന്നു.

വിശ്വാസം ദൈവികമാകുമ്പോൾ അത് പരിപൂർണതയിലെത്തുന്നു. ആ വിശ്വാസം വ്യക്തികൾക്കു ധൈര്യം കൊടുക്കുന്നു. ജീവിതം വിശ്വാസത്തോടുകൂടിയുള്ള ഒരു സാഹസികയാത്രയാണ്. "നീതിമാൻ വിശ്വാസത്താൽ ജീവിക്കുന്നു". ദൈവികവിശ്വാസം നല്ലൊരു മത്സ്യത്തെപ്പോലെയാണ്. അത് തിരമാലകൾക്കിടയിൽ ജീവിക്കുന്നു. എന്നിട്ടും അതു നശിക്കുന്നില്ല. അത് പരീക്ഷകളിലും കൊടുംകാറ്റുകളിലും ജീവിക്കുന്നു. ഈ ലോകം ക്രോധത്താൽ കലങ്ങിയാലും അതിനൊന്നും സംഭവിക്കുന്നില്ല. സെയ്ൻറ് അഗസ്റ്റിന്റെ വാക്കുകളാണിത്. വിശ്വാസം പ്രയോഗിക്കാനുള്ളതാണ്. വാക്കുകളിലൊതുങ്ങുന്ന വിശ്വാസത്തിന് അത്ഭുതങ്ങൾ ചെയ്യാൻ സാധിക്കുകയില്ല. "കടുകുമണിയോളം വിശ്വാസം" മലയെപ്പോലും നീക്കിക്കളയും. വളരെ അപകടം പിടിച്ച വെള്ളച്ചാട്ടത്തിനു മുകളിൽക്കൂടി കയറുകെട്ടി അതിൽ ബാലൻസ് ചെയ്ത് അങ്ങോട്ടുമിങ്ങോട്ടും നടക്കുന്ന മനുഷ്യനെ കാണാൻ ആളുകൾ തടിച്ചുകൂടി. അതിലൊരു യുവാവ് ഈ മനുഷ്യനെ ഉച്ചത്തിൽ കൈയടിച്ച് പ്രോത്സാഹിപ്പിച്ചുകൊണ്ടിരുന്നു. യുവാവിനോട് ഇഷ്ടം തോന്നിയ ആ മനുഷ്യൻ തന്റെ സഹായത്തോടെ യുവാവിനെ കയറിൽക്കൂടെ നടക്കാൻ ക്ഷണിച്ചു. യുവാവ് നിശ്ശബ്ദനായി ആൾക്കൂട്ടത്തിൽ നിന്ന് അപ്രത്യക്ഷനായി. വിശ്വാസവും പ്രവൃത്തിയും ഒന്നു ചേരുമ്പോഴാണ് മാറ്റങ്ങൾ സംഭവിക്കുന്നത്. വിശ്വാസത്തെപ്പറ്റി അധരവ്യായാമം നടത്തുന്നവരാണ് നമ്മൾ.

നമ്മുടെ സഭകളും സ്ഥാപനങ്ങളും വിശ്വാസത്തിൽ ജനിച്ചുവളർന്ന് വന്നവയാണ്. പക്ഷേ അവയുടെ ഇന്നത്തെ അവസ്ഥ ശോചനീയമാണ്. ദൈവത്തിലുള്ള യഥാർത്ഥ വിശ്വാസം എവിടെയുണ്ടോ അവിടെ യഥാർത്ഥസ്നേഹമുണ്ട്. അതുകൊണ്ടാണ് വിശ്വാസം, പ്രത്യാശ, സ്നേഹം എന്നീ മൂന്നു കാര്യങ്ങളെപ്പറ്റി പുതിയനിയമം ഊന്നിപ്പറയുന്നത്. വിശ്വാസത്തിൽ വളരാത്ത സഭകളും സ്ഥാപനങ്ങളും സ്നേഹമില്ലാതെ തമ്മിലടിച്ചു നശിക്കുമെന്ന കാര്യത്തിൽ സംശയം വേണ്ട. കോടിക്കണക്കിനു രൂപ നഷ്ടത്തിലോടുന്ന സഭകളെപ്പറ്റി നാം കേൾക്കുന്നു. ***വിശ്വാസത്തിൽ ജനിച്ച സഭകൾ നഷ്ടത്തിലോടുന്ന സഭകളായി മാറുന്നത് വിരോധാഭാസമാണ്. ധനത്തിലും സ്ഥാനങ്ങളിലും മാത്രം ആശ്രയിക്കുന്ന സഭയിൽ വിശ്വാസം വെറും കാഴ്ചവസ്തുവായി മാറുന്നു. അതേ സമയം, നമ്മുടെ സഭാനേതാക്കന്മാർ 'മനുഷ്യരെ ശങ്കയും ദൈവത്തെ ഭയവും' ഇല്ലാത്തവരായി മാറുകയും ചെയ്യും.***

നാം എന്തിൽ വിശ്വസിക്കുന്നുവെന്നതാണു പ്രധാനം. ചിലർ പാമ്പിലും പാറയിലും വിശ്വസിക്കുന്നു. വിശ്വാസം സ്ഥാനം തെറ്റുമ്പോൾ പ്രവൃത്തികൾ വികലമാകും. കഴിഞ്ഞ നൂറ്റാണ്ടുകളിലെ വിവിധ സംസ്കാരങ്ങൾ തകരുവാനുള്ള കാരണം പുറത്തു നിന്നുള്ള ആക്രമണങ്ങളല്ല, പ്രത്യുത, ഉള്ളിൽ നിന്നുതന്നെ തുടങ്ങിയ ജീർണതയാണ്. ആ ജീർണത നമ്മുടെ വിശ്വാസത്തിന്റെ ആകെത്തുകയാണ്. നാം വിശ്വസിക്കുന്നത് നമ്മെ ഭരിക്കും. സദാചാരമില്ലായ്മയിലും അനീതിയിലും ലൗകിക സുഖങ്ങളിലും മാത്രം വിശ്വസിക്കുന്ന സംസ്കാരങ്ങളാണു നശിച്ചത്. അതാണ് ഇന്നും സംഭവിച്ചുകൊണ്ടിരിക്കുന്നത്. ●

## PUZZLE

The population of India is 100 crores.
100,000,00,00
But 19 crores are retired,
- 19,000,00,00
That leaves 81 crores to do the work.
81,000,00,00
There are 25 crores in school,
- 25,000,00,00
which leaves 56 crores to do the work.
56,000,00,00
Of this there are 22 crores employed by the Central Govt,
- 22,000,00,00
leaving 34 crores to do the work.
34,000,00,00
4 crores are in the Armed Forces,
- 4,000,00,00
which leaves 30 crores to do the work.
30,000,00,00
Take away from this the 20 crore people who work for State Governments (State Government employees officially do not work!)
- 20,000,00,00
and that leaves 10 crores to do the work.
10,000,00,00
Total unemployed are 8 crores,
- 8,000,00,00
and that leaves 2 crores to do the work.
2,000,00,00
At any given time there are 1.2 crore people in hospitals,
- 1,200,00,00
leaving 80 lakhs to do the work.
80,00,000
Now, according to Indian Statistical Institute, there are 79,99,998 people in prisons throughout the country.
- 79,99,998
That leaves just 2 people to do the work........
You and me!!! And currently you are reading this. So I am the only person in our country who is working! And that's why India is surviving!!! Now, please log out and do your job because, for a change, I want to rest. And I don't want India to suffer because of that!

*(Compiled from the Net)*

### കഥയില്ലാത്ത അല്പം... (തുടർച്ച)

വിടുകയും ചെയ്തു. കണ്ടുനിന്നവരെല്ലാം അമ്പരന്നു. ജോസിനെപ്പോലുള്ളവരെയാണു നാടിനുവേണ്ടത്. അങ്ങനെ നാട്ടുകാരുടെ പ്രിയങ്കരനായി മാറുവാൻ ജോസിന് ഏതാനും നിമിഷങ്ങൾ മാത്രമേ വേണ്ടിവന്നുള്ളൂ.

രണ്ടു നാളുകൾക്കകം ജമാലുദിനും പോനും തമ്മിലുള്ള മത്സരം നടക്കുകയാണ്. ഞങ്ങൾ അക്ഷമരായി. ആരു ജയിക്കുമെന്ന കാര്യത്തിൽ ചൂടേറിയ വാദപ്രതിവാദങ്ങൾ നടന്നു. ചാക്കോച്ചിയാണു ചർച്ചകൾക്കു ചരടുവലി നടത്തിയത്. ഒറ്റയിരിപ്പിൽ രണ്ടു റാത്തൽ വറുത്ത ഇറച്ചി തിന്നുന്നവനാണ് ജമാലുദിൻ. കൂടെ പത്തുപന്ത്രണ്ടു മുട്ടയും ചോറും മറ്റു വിഭവങ്ങളും. പോനും ഒട്ടും മോശമല്ല. അവർ തിന്നുന്നത് ഒന്നു കാണേണ്ടതുതന്നെ. ചാക്കോച്ചിയാണ് ഈ വിവരങ്ങളെല്ലാം പുറത്തുവിട്ടത്. മത്സരമാരംഭിക്കുവാൻ ഏതാനും നിമിഷങ്ങൾ മാത്രം. വേദിക്കു ചുറ്റും വലിയ ജനക്കൂട്ടം. പകുതിയോളം സ്കൂൾ കുട്ടികളാണ്. അപ്പോൾ സംഘാടകരിലൊരാൾ മുന്നോട്ടുവന്നു പറഞ്ഞു; പോനും ജമാലുദിനും യാത്രാമധ്യേ ഒരപകടത്തിൽപ്പെട്ട് ആശുപത്രിയിലാണ്. ആളുകളുടെ പ്രതിഷേധസ്വരമുയരുന്നതിനുമുമ്പ് സ്വർണയങ്കി ധരിച്ച ഒരു ചെറുപ്പക്കാരൻ ഗോദയിലിറങ്ങി. അങ്കി മാറ്റിയപ്പോൾ അതിസുന്ദരനും ഇരുമ്പിൽ വാർത്തെടുത്ത പ്രതീതിയുള്ളവനുമായ ഒരു യുവാവ്. അയാൾ ഗുസ്തിമുറയിൽ ശരീരം ചലിപ്പിച്ചപ്പോൾ മാംസപേശികൾ ത്രസിക്കുകയാണ്. അപ്പുറത്തു നിന്ന് മറ്റൊരു ഫയൽമാനും പ്രത്യക്ഷപ്പെട്ടു. നാടിന്റെ പ്രിയങ്കരനായ ജോസ് ഫയൽമാൻ. ജോസിന്റെ വടിവൊത്ത ശരീരവും ഉറച്ച മാംസപേശികളും അന്നാണ് നാട്ടുകാർ അടുത്തുകാണുന്നത്. ആർക്കെങ്കിലും പ്രതിഷേധമുണ്ടെങ്കിൽ പണം അപ്പോൾത്തന്നെ തിരിച്ചു നൽകാമെന്നു സംഘാടകർ വാഗ്ദാനം ചെയ്തു. ജനം അങ്ങനെയൊരാവശ്യം ഉന്നയിച്ചില്ലെന്നു മാത്രമല്ല, കൈയടിച്ച് ഇരുവരെയും പ്രോത്സാഹിപ്പിക്കുകയും ചെയ്തു. എങ്കിൽത്തന്നെ ജോസ് ഫയൽമാൻ ജയിക്കണമെന്നായിരുന്നു നാട്ടുകാരുടെ ആഗ്രഹം. രണ്ടുപേരും രണവീരന്മാരെപ്പോലെ പൊരുതി. കാണികളിൽ നിന്നു ലഭിച്ച പ്രോത്സാഹനം മത്സരത്തിനു കൊഴുപ്പു കൂട്ടി. സമയം കഴിയുന്തോറും ജോസ് പരാജിതനാകുമെന്നു സ്പഷ്ടമായിത്തുടങ്ങി. ഏതു നിമിഷവും മത്സരമവസാനിച്ചേക്കാം. ജോസ് വാടിത്തളർന്നവശനായി. ഏതാണ്ട് 45 മിനിറ്റുകൾക്കുശേഷമാണ് ആ നിർണായകനിമിഷമെത്തിയത്. ജോസ് എതിരാളിയെ മലർത്തിയടിച്ചു. അവിശ്വസനീയമായിരുന്നു ആ നീരാളിപ്പിടുത്തം. ജമാലുദിൻ ജൂണിയർ കുതറിമാറാൻ എത്ര ശ്രമിച്ചിട്ടും ഫലിച്ചില്ല. ജോസ് വിജയിയായതോടെ കാണികൾ ഗോദയിലേക്കു ചാടിയിറങ്ങി. നാടിന്റെ അഭിമാനസ്തംഭമായ സ്വദേശി ഫയൽമാനെ തോളിൽ വഹിച്ചുകൊണ്ട് ജനം ചന്തമൈതാനത്തേക്കു നീങ്ങി. ആ വിജയം ജോസിന് ഒരു ശാപമായി പരിണമിച്ചു. പെട്ടെന്നു നേടിയെടുത്ത വിജയം അവന്റെ സമനില തെറ്റിച്ചു. അനഭിമതരായ പലരും കൂട്ടുകാരായി. മദ്യപാനമാരംഭിച്ചു. ഒരിക്കൽ ഞാനും ഒരു സീനിയർ വിദ്യാർത്ഥിയും സ്കൂളിൽ നിന്നു മടങ്ങുമ്പോൾ റോഡരികിൽ ജോസും സംഘവും പണം വച്ചു ചീട്ടുകളിക്കുകയാണ്. പൊലീസ് എന്ന് ആരോ വിളിച്ചുപറഞ്ഞതോടെ അവർ അടുത്തുള്ള തോട്ടിലേക്കു ചാടിയൊളിച്ചു. അവരോടുമ്പോൾ ഒരു ചെറിയ ഡയറി റോഡിൽ വീഴുന്നതു ഞങ്ങൾ കണ്ടു. അതിലെ ഒരു തുണ്ടുകടലാസിൽ രേഖപ്പെടുത്തിയിരുന്ന കണക്കുകളാണ് ഗുസ്തിമത്സരം എന്ന കപടനാടകത്തിന്റെ ചുരുളഴിച്ചത്. ഊച്ചാളി വാസുവിനു കൊടുത്ത തുക, ജമാലുദിന്റെയും പോൻ ഫയൽമാന്റെയും പരിപാടി റദ്ദാക്കുവാൻ ചെലവായത്, ജമാലുദിൻ ജൂണിയറിനു കൊടുത്ത പണം, അങ്ങനെ പോയി ആ കണക്കുകൾ. ഒരു കാര്യം വ്യക്തമായി. സംഘാടകർക്ക് അല്പം പണമുണ്ടാക്കുവാനും ഒരാൾക്ക് ഇല്ലാത്ത പ്രതിഛായ ഉണ്ടാക്കിയെടുക്കുവാനും അരങ്ങേറിയ ഒരു നാടകം മാത്രമായിരുന്നു അത്. മടങ്ങിവന്ന ജോസ് ഡയറി തിരിച്ചുവാങ്ങിയതിനാൽ തെളിവുപോലുമില്ലാതെയായി. തൽക്കാലം ഒന്നും വെളിച്ചത്തു കൊണ്ടുവരാനാവാതെ ത്രിശങ്കു സ്വർഗത്തിലായി ഞങ്ങൾ. സത്യം പറയണമല്ലോ, ഞങ്ങൾ ഭീരുക്കളുമായിരുന്നു. തെളിവൊന്നും ഹാജരാക്കാൻ പറ്റാത്ത സാഹചര്യത്തിൽ എന്തിനു വല്ലോന്റെ തല്ലുകൊള്ളണം? കുറെ നാളുകൾക്കുശേഷം ഭവനഭേദനത്തിന്റെയും മാനഭംഗത്തിന്റെയും പേരിൽ അറസ്റ്റിലായ ജോസ് നാടുവിടുകയാണുണ്ടായത്.

പലരുടെയും പ്രതിഛായ വളർന്നതും തളർന്നതും എങ്ങനെയാണെന്ന് എനിക്കിപ്പോളറിയാം. *വ്യാജരേഖകൾ കെട്ടിച്ചമച്ചും പ്രശ്നങ്ങൾ ഊതിപ്പെരുപ്പിച്ചും ഇല്ലാത്ത മഹത്വം ഉണ്ടാക്കിയെടുക്കുവാൻ നെട്ടോട്ടമോടുന്ന കള്ളന്മാർ നമുക്കു ചുറ്റുമുണ്ട്. പലർക്കും മാന്യതയുടെ കുപ്പായവുമുണ്ടാവാം. അതുകൊണ്ടായിരിക്കാം ക്രിക്കറ്റ് കോഴവിവാദം ശ്രദ്ധയിൽപ്പെട്ടപ്പോൾ ഞാൻ ഊറിച്ചിരിക്കുക മാത്രം ചെയ്തത്.*

# A Love Story

One day, I woke early in the morning to watch the sunrise. Ah, the beauty of God's creation is beyond description. As I watched, I praised God for His beautiful work. As I sat there, I felt the Lord's presence with me.

He asked me, "Do you love me?"

I answered, "Of course, God! You are my Lord and Saviour!"

Then He asked, "If you were physically handicapped, would you still love me?"

I was perplexed. I looked down upon my arms, legs, and the rest of my body and wondered how many things I wouldn't be able to do, the things that I took for granted. And I answered, "It would be tough Lord, but I would still love You."

Then the Lord said, "If you were blind, would you still love my creation.?" How could I love something without being able to see it? Then I thought of all the blind people in the world and how many of them still loved God and His creation.

So I answered, "It's hard to think of it, but I would still love you." The Lord then asked me, "If you were deaf, would you still listen to my word?" How could I listen to anything being deaf? Then I understood, listening to God's word is not merely using our ears but our hearts. I answered, "It would be tough, but I would still listen to Your word."

The Lord then asked, "If you were mute, would you still praise My name?." How could I praise without a voice? Then it occurred to me: God wants us to sing from our very heart and soul.

It never matters what we sound like. And praising God is not always with a song, but when we are persecuted we give God praise with our words of thanks. So I answered, "Though I could not physically sing, I would still praise Your name." And the Lord asked, "Do you really love Me?". With courage and a strong conviction, I answered boldly,

"Yes Lord! I love You because You are the one and true God!"

I thought I had answered well, but....God asked, "Then why do you sin?"

I answered, "Because I am only human. I am not perfect."

"Then why in times of peace do you stay the farthest? Why only in times of trouble do you pray the earnest?"

No answers. Only tears.

The Lord continued: "Why only sing at fellowships and retreats? Why seek me only in times of worship? Why ask things so selfishly? Why ask things so unfaithfully?"

The tears continued to roll down my cheeks. "Why are you ashamed of me? Why are you not spreading the good news? Why in times of persecution, you cry to others when offer my shoulder to cry on? Why make excuses when I give you opportunities to serve in my name?"

I tried to answer, but there was no answer to give.

"You are blessed with life. I made you not to throw this gift away. I have blessed you with talents to serve me but you continue to turn away. I have revealed my word to you, but you do not gain in knowledge. I have spoken to you but your ears were closed. I have shown my blessings to you, but your eyes were turned away. I have sent you servants, but you sat idle by as they were pushed away. I have heard your prayers and I have answered them all."

"Do you truly love me?." I could not answer. How could I?. I was embarrassed beyond belief. I had no excuse. What could I say to this? When my heart had cried out and the tears had flowed, I said, "Please forgive me Lord. I am unworthy to be Your child."

The Lord answered, "That is my Grace, my child."

I asked, "Then why do you continue to forgive me? Why do You love me so?"

The Lord answered, "Because you are my Creation. You are my child. I will never abandon you. When you cry, I will have compassion and cry with you. When you shout with joy, I will laugh with you.

When you are down, I will encourage you. When you fall, I will raise you up. When you are tired, I will carry you. I will be with you till the end of days, and I will love you forever."

Never had I cried so hard before. How could I have been so cold? How could I have hurt God as I had done? I asked God, "How much do You love me?"

The Lord stretched out His arms, and I saw His nail-pierced hands. I bowed down at the feet of Christ, my Saviour. And for the first time, I truly prayed.

***(Author unknown)***



സി.എസ്.ഐ. മധ്യകേരളമഹായിടവക 2000-ൽ ആരംഭിച്ച വെല്ലൂർ മിഷന്റെ ആഭിമുഖ്യത്തിൽ പണികഴിപ്പിച്ച മൂന്നുനിലക്കെട്ടിടം. ബത്സയ്ദ സ്പിരിച്വൽ & ഗൈഡൻസ് സെന്റർ എന്ന പേരിലറിയപ്പെടുന്ന ഈ സ്ഥാപനം, ചികിത്സാർത്ഥം വെല്ലൂരാശുപത്രിയിൽ എത്തുന്ന അനേകർക്ക് അത്താണിയായി നിലകൊള്ളുന്നു. റവ. ഈപ്പൻ ജോൺ, റവ. സന്തോഷ് മാത്യു എന്നിവരാണ് ഇതിന്റെ മേൽനോട്ടം വഹിക്കുന്നത്.

## സഭാ വാർത്തകൾ



കൃഷ്ണ-ഗോദാവരി മഹായിടവക ബിഷപ്പായി വാഴിക്കപ്പെട്ട ഡോ. ജി. ദൈവാശീർവാദത്തിന്റെ ഒഴിവിൽ സിനഡ് ജനറൽ സെക്രട്ടറിയായി പ്രൊഫ. (മിസ്സസ്സ്) പോളിൻ സത്യമൂർത്തി നിയമിതയായി. 2004 ജനുവരിയിൽ ബാംഗ്ലൂരിൽ ചേരുന്ന സിനഡ് സമ്മേളനത്തിൽ പുതിയ ജനറൽ സെക്രട്ടറിയെ തിരഞ്ഞെടുക്കുന്നതുവരെയാണു കാലാവധി. ഒരു മുൻ മോഡറേറ്ററായ അന്തരിച്ച ബിഷപ്പ് സോളമൻ ദൊരൈസ്വാമിയുടെ പുത്രിയും തിരുച്ചിറപ്പള്ളി ബിഷപ്പ് ഹീബർ കോളജിലെ ഇംഗ്ലീഷ് വിഭാഗം മുൻ മേധാവിയുമാണ് പ്രൊഫ. പോളിൻ. ശ്രീമതിമാരായ രേണുക സോമശേഖർ, ഡെയ്സി ഗോപാലരത്നം എന്നിവരാണ് മുൻപ് ഈ സ്ഥാനം വഹിച്ച വനിതകൾ.

●●

തിരുനെൽവേലി മഹായിടവക വിഭജിച്ച് തൂത്തുക്കുടി-നസ്രേത്ത് മഹായിടവക നിലവിൽ വന്നു. ആസ്ഥാനം തൂത്തുക്കുടിയിലും കത്തീഡ്രൽ നസ്രേത്തിലുമായിരിക്കും. സി. എസ്. ഐ. യുടെ ഇരുപത്തിരണ്ടാമതു മഹായിടവകയാണിത്.

●●

സൗത്ത് കേരള മഹായിടവക വിഭജിക്കാനുള്ള നിർദ്ദേശമൊന്നും സിനഡിനു ലഭിച്ചിട്ടില്ലെന്നും ഇതിനു വിരുദ്ധമായ പ്രസ്താവനകൾ വ്യാജമാണെന്നും സി. എസ്. ഐ. മോഡറേറ്റർ അറിയിച്ചു.

●●

പരിഷ്കരിച്ച സഭാഭരണഘടന പ്രകാരം, മോഡറേറ്റർ അധ്യക്ഷനായുള്ള സി. എസ്. ഐ. ബിഷപ്സ് കൗൺസിൽ നിലവിൽവന്നു. വർഷത്തിലൊരു പ്രാവശ്യമെങ്കിലും മോഡറേറ്റർ ഈ കൗൺസിൽ വിളിച്ചുചേർക്കേണ്ടതാണ്. സജീവസേവനത്തിലുള്ള സി. എസ്. ഐ. ബിഷപ്പുമാരുടെ കൂട്ടായ്മ മാത്രമായ പ്രസ്തുത കൗൺസിൽ, സഭാസംബന്ധമായ തീരുമാനങ്ങളെടുക്കാൻ അധികാരമുള്ള സമിതിയല്ല.

●●

റവ. വിൻസന്റ് മോസസിന്റെ നേതൃത്വത്തിൽ നോർത്ത് കേരള മഹായിടവകയിൽ നിന്ന് ദീർഘകാലമായി വിഘടിച്ചുനിന്ന കോഴിക്കോട് ജർമൻ ബാസൽ മിഷൻ ചർച്ച് ജനുവരി 26-ന് മഹായിടവകയുടെ കൂട്ടായ്മയിലേക്കു തിരിച്ചെത്തി. സി. എസ്. ഐ. ഹെർമൻ ഗുണ്ടർട്ട് മെമ്മോറിയൽ ചർച്ച് എന്ന പേരിലായിരിക്കും ആ ദേവാലയം ഇനി അറിയപ്പെടുക.

# NEWS

**FROM HERE AND THERE**

●●

ബിലീവേഴ്സ് ചർച്ച് സ്ഥാപകൻ ശ്രീ. കെ. പി. യോഹന്നാനെ ബിഷപ്പായി വാഴിച്ച സി. എസ്. ഐ. മോഡറേറ്ററുടെ ഏകപക്ഷീയവും വഞ്ചനാപരവുമായ നടപടിയിൽ പ്രതിഷേധിച്ച് നോർത്ത് കേരള ബിഷപ്പ് ഡോ. ജോർജ് ഐസക് സ്ഥാനമൊഴിയാൻ തീരുമാനിച്ചു. സിനഡിന്റെ തീരുമാനം വരുന്നതുവരെ രാജി പ്രാബല്യത്തിലാക്കരുതെന്ന് ഷൊർണൂരിൽ ചേർന്ന മഹായിടവക പാസ്റ്ററൽ ബോർഡ് ബിഷപ്പിനോട് അഭ്യർത്ഥിച്ചിരിക്കയാണ്.

●●

ശ്രീ. കെ. പി. യോഹന്നാന്റെ മെത്രാഭിഷേകച്ചടങ്ങിൽ അനധികൃതമായി പങ്കെടുത്ത സി. എൻ. ഐ. ബിഷപ്പുമാരായ പ്രേംകുമാർ എം. ധൊടേക്കർ (നാഗ്പൂർ), ബഞ്ച എൻ. നായക് (ഒറീസ്സ) എന്നിവർക്കെതിരെ സി. എൻ. ഐ. മോഡറേറ്റർ ശിക്ഷണനടപടികൾ ആരംഭിച്ചു.

●●

Reports appearing in 'Good News' weekly dated 17 Feb. 2003 reveal that K. P. Yohannan, a member of the Niranam Mar Thoma Church broke away from his parent Church denouncing episcopacy and joined the India Pentecostal Church (IPC) taking adult baptism (ie second baptism). On 6 Feb. 2003 he was 'secretly consecrated' by the CSI Moderator as Archbishop of his organization (now known as the Believers' Church) without the knowledge of any of the pentecostal groups. Contrary to their faith, he has accepted cross, cassock and pastoral staff which are never recognized by the pentecostalists. Pastor T. S. Abraham, the General President of IPC says his church has decided to cut off all relationships with K. P. Yohannan.

●●

## കെ. സി. സി. വാർത്തകൾ

കെ. സി. സി., കാസ, എസ്. സി. എം. എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ തിരുവല്ല ശാന്തിനിലയത്തിൽ നടന്ന വിദ്യാഭ്യാസ സെമിനാർ ബിഷപ്പ് സാം മാത്യു ഉദ്ഘാടനം ചെയ്തു. 'മതവും മതേതര സ്വതന്ത്രവിദ്യാഭ്യാസവും' എന്ന വിഷയത്തെ ആസ്പദമാക്കി പ്രൊഫ. പി. ജെ. ജയിംസ്, പ്രൊഫ. കെ. എം. മാത്യു എന്നിവർ പ്രബന്ധങ്ങളവതരിപ്പിച്ചു. മേഖലാ പ്രസിഡന്റ് ശ്രീ. എം. ഒ. ഉമ്മന്റെ അധ്യക്ഷതയിൽ ചേർന്ന സെമിനാറിനു ശ്രീ. സൈമൺ ജോൺ, ശ്രീ. രാജൻ മാത്യു, അഡ്വ. വി. സി. സാബു, പ്രൊഫ. ഫിലിപ്പ് എൻ. തോമസ് എന്നിവർ നേതൃത്വം നൽകി.

●●

കെ. സി. സി. വിദ്യാഭ്യാസ കമ്മിഷന്റെ ആഭിമുഖ്യത്തിൽ 'അയാഷെ' യുടെ സഹായത്തോടെ ഒരു വിദ്യാഭ്യാസ സെമിനാർ ജനുവരി 18-ന് ചുങ്കത്തറ മാർത്തോമാ കോളജിൽ നടന്നു. ഫാ. തോമസ് വർഗീസിന്റെ അധ്യക്ഷതയിൽ ചേർന്ന സെമിനാർ കെ. സി. സി. സെക്രട്ടറി ഫാ. എ. ടി. ഏബ്രഹാം ഉദ്ഘാടനം ചെയ്തു. മതേതര സ്വതന്ത്ര വിദ്യാഭ്യാസത്തെപ്പറ്റി പ്രൊഫ. കെ. എം. മാത്യു, പ്രൊഫ. ഫിലിപ്പ് എൻ. തോമസ് എന്നിവർ പ്രബന്ധങ്ങളവതരിപ്പിച്ചു. റവ. എസ്. ജോർജ്, പ്രൊഫ. ഏബ്രഹാം പി. മാത്യു, ശ്രീ. രാജേഷ്, ശ്രീ. മനോഹർ എന്നിവർ ചർച്ചകളിൽ പങ്കെടുത്തു.

●●

പീരുമേട് താലൂക്കിലെ തോട്ടം തൊഴിലാളികൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും വേണ്ടി ഒരു സൗജന്യ മെഗാ സ്പെഷ്യലിസ്റ്റ് മെഡിക്കൽ ക്യാമ്പ് ഫെബ്രുവരി 16-ന് പാമ്പനാറിൽ നടത്തപ്പെട്ടു. എറണാകുളം ലൂർദ് ആശുപത്രിയിലെ ഒരു സംഘം വിദഗ്ധ ഡോക്ടർമാർ നേതൃത്വം നൽകി. കെ. സി. സി., വൈ. എം. സി. എ., പാമ്പനാർ സേവനാലയം എന്നിവയുടെ സഹകരണത്തോടെയാണ് ക്യാമ്പ് സംഘടിപ്പിച്ചത്.

# ഡള്ളസ് സി.എസ്.ഐ. സഭാംഗങ്ങളുടെ സ്വപ്നസാക്ഷാത്കാരം

**അ**മേരിക്കയിലെ ടെക്സസ്-ഡള്ളസ് പ്രവിശ്യയിലെ സഭാവിശ്വാസികളുടെ ചിരകാലാഭിലാഷം പൂവണിയുന്നു. 1970-കളിൽ ഇവിടേക്കു വന്ന വിശ്വാസികളുടെ ആഗ്രഹമായിരുന്നു മനോഹരമായ സി.എസ്.ഐ. ആരാധന. വർഷങ്ങളോളം വിവിധ പ്രശ്നങ്ങളാൽ ചിതറിപ്പാർക്കേണ്ടിവന്ന സഭാവിശ്വാസികൾ അതിനായി ഏറെ പ്രാർത്ഥനയോടെ നോക്കിക്കഴിയുകയായിരുന്നു. സ്വന്തമായ ഒരു ദേവാലയവും തനിമയാർന്ന സി.എസ്.ഐ. ആരാധനയും ആഗ്രഹിച്ചിരുന്നവർ പലവട്ടം നിരാശരായെങ്കിലും സർവശക്തനായ ദൈവം അവരെ ആശീർവദിച്ചു. പൂർണമായും സി.എസ്.ഐ. വിശ്വാസാചാരങ്ങൾ കാത്തു പരിപാലിക്കുന്നവരുടെ കൂട്ടായ്മ ശക്തമാകുന്നത് 1998-ലാണ്. ലഭ്യമായിക്കൊണ്ടിരുന്ന ആത്മീയവേദികൾ പക്വമല്ലെന്നു ബോധ്യമായതിനാൽ ഒരു പറ്റം വിശ്വാസികൾ അന്നത്തെ മഹായിടവക ബിഷപ്പിനെ കണ്ട് ആവശ്യങ്ങളുണർത്തിക്കുകയും അദ്ദേഹം അവരുടെ നീക്കങ്ങൾക്ക് മഹായിടവകയുടെ അംഗീകാരം വാഗ്ദാനം ചെയ്യുകയും ചെയ്തതോടെ ഡള്ളസിലെ സി.എസ്.ഐ. സഭയ്ക്ക് ആരംഭം കുറിച്ചു. മഹായിടവകയിൽ നിന്നു മൂന്നു വർഷത്തിലൊരിക്കൽ പട്ടക്കാരെ അയയ്ക്കുന്ന ക്രമീകരണമുണ്ടായാൽ ഉപയോഗിക്കാവുന്ന വ്യവസ്ഥയിൽ സി.എസ്.ഐ. കോൺഗ്രിഗേഷൻ ഓഫ് ഡള്ളസ് എന്ന പേരു നൽകാമെന്ന് റവ. ഡോ. കെ. എസ്. ജോർജ് സമ്മതിച്ചതോടെ, റദ്ദായിപ്പോയ രജിസ്ട്രേഷൻ പുതുക്കി ഉപയോഗിക്കുവാൻ സഭാംഗങ്ങൾ തീരുമാനിച്ചു. കേവലം മൂന്നു കുടുംബങ്ങളായി ആരംഭിച്ച സഭയുടെ ആദ്യകാലഘട്ടങ്ങളിൽ റവ. ജോണി ജോസഫ്, റവ. ഡോ. പി. കെ. കുരുവിള, റവ. മാത്യു മാത്യു, റവ. ജോർജ് കോശി, റവ. ജേക്കബ് കെ. ഇടിക്കള എന്നിവർ ആരാധന നടത്തി സഹായിച്ചിട്ടുണ്ട്. ആദ്യത്തെ വികാരിയായി 1999-ൽ റവ. ഡോ. കെ. കെ. ചെറിയാൻ നിയോഗിക്കപ്പെട്ടു. തുടർന്ന് റവ. വിജു വർക്കി ജോർജ് നിയമിതനായി. അത് സഭയുടെ വളർച്ചയുടെ പാതയിലെ ഒരു നാഴികക്കല്ലായിരുന്നു. ആറു കുടുംബങ്ങൾ മാത്രമുണ്ടായിരുന്ന സ്ഥാനത്ത് 39 കുടുംബങ്ങളുമായി സഭ വളരുവാൻ തുടങ്ങി.

ഒരു പറ്റം വിശ്വാസികളുടെ അശ്രാന്തപരിശ്രമഫലമായാണ് ഈ സഭ നിലനിന്നു പോരുന്നത്. ഇപ്പോൾ സഭയ്ക്ക് 44 കുടുംബങ്ങളുണ്ട്. എന്നിരുന്നാലും, സ്വന്തമായി ഒരു ദേവലായം എന്ന ആശയം ഒരു സ്വപ്നം മാത്രമായിരുന്നു. ഡള്ളസിൽക്കൂടി കടന്നുപോകുന്ന ദേശീയപാതയുടെ സമീപമുള്ള ഒരു പ്രസ്ബിറ്ററീരിയൻ ദേവാലയത്തിലായിരുന്നു ആരാധന നടന്നുവന്നിരുന്നത്. സ്വന്തമായി ഒരു ദേവാലയം എന്ന ആശയം പലവട്ടം ചർച്ചയ്ക്കു വിധേയമാക്കിയെങ്കിലും സാമ്പത്തിക പരാധീനതയും അഭിപ്രായസമന്വയമില്ലായ്മയും അതിനു തടസ്സമായിരുന്നു. 2002 ഓഗസ്റ്റിൽ ചേർന്ന പ്രത്യേക പൊതുയോഗം ഒരു ദേവാലയം വാങ്ങുവാൻ തീരുമാനമെടുത്തു. ഡിസംബർ 2-ന് 4.8 ഏക്കർ ഭൂമിയും 350 പേർക്കിരിക്കാവുന്ന ദേവാലയവും 200 പേരെ ഉൾക്കൊള്ളാവുന്ന ഫെലൊഷിപ്പ് ഹോളും 133 കുട്ടികൾക്കു പഠിക്കുവാൻ സർക്കാർ അനുമതിയുള്ള ഒരു ചൈൽഡ് കെയർ സെന്ററുമുൾപ്പെടെ ഭാവി വികസനത്തിന് സാധ്യതകളും സൗകര്യങ്ങളുമുള്ള സ്വത്ത് ഏകദേശം 4 കോടി രൂപ വില നൽകി വാങ്ങുകയും ചെയ്തു. ഇന്ന് സഭയ്ക്ക് സ്വന്തമായി പാഴ്സനേജും മറ്റു സൗകര്യങ്ങളുമുൾപ്പെടെ പത്തുലക്ഷം ഡോളറിന്റെ ആസ്തിയുണ്ട്. 2003 ജൂലൈയിൽ അഭിവന്ദ്യ തോമസ് സാമുവൽ തിരുമേനി കൂദാശ ചെയ്യുന്ന ഈ ദേവാലയം ഡള്ളസിലെ എക്യുമെനിക്കൽ കേന്ദ്രമായി പരിലസിക്കുന്നു. അനുദിനം വളർന്നുകൊണ്ടിരിക്കുന്ന ഈ സഭ ക്രൈസ്തവദൗത്യമേഖലയിൽ ഒരു മുതൽക്കൂട്ടാണെന്നതിനു സംശയമില്ല.

*റവ. അലക്സ് പി. ഉമ്മൻ (വികാരി)*

**GEORGE JOSEPH, DDS., M.S.**
6900 S. Madison
Willowbrook, IL 60521
(630) 323 7472

Registered with the Registrar of Newspapers for India
under No. KER BIL/2000/1543

Annual subscription: Rs. 75/-

Postal Regn. No KL/CR/KTM/362/2003-05



സി.എസ്.ഐ. കോൺഗ്രിഗേഷൻ ഓഫ് ഡള്ളസ് - നു വേണ്ടി 2003 ജൂലൈയിൽ
അഭിവന്ദ്യ തോമസ് സാമുവൽ തിരുമേനി കൂദാശ ചെയ്യുന്ന പുതിയ ദേവാലയം




Rev. Sunil Raj Philip

Printed & Published by the Rev. Prof. K.C. Mathew at Manganam, Kottayam and owned by the Rev. Prof. K.C. Mathew, Chairperson, Nava Darshan Trust, Kottayam.
Editor: Dr. Mathew Koshy Punnackad ■ Printed at Learners' Offset Printers, C.M.S. College Road, Kottayam